17
തിങ്കൾ
ഒക്ടോബർ 2022
1198 കന്നി 31
Vol 4 Issue No 295

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com

## 'പറഞ്ഞത് ചെറുപ്പത്തിൽ കേട്ട കഥ'; തെക്ക്–വടക്ക് താരതമ്യ പരാമർശം പിൻവലിച്ച് സുധാകരൻ



**തിരുവനന്തപുരം:** തെക്ക്– വടക്ക് മേഖലയിലെ രാഷ്ട്രീയക്കാരെ താരതമ്യം ചെയ്തുള്ള വിവാദപരാമർശം പിൻവലിച്ച് കെ. സുധാകരൻ. ആരേയും മോശക്കാരനാക്കാനും വേർതിരിവ് സൃഷ്ടിക്കാനും ഉദ്ദേശിച്ചുള്ളതായിരുന്നില്ല പരാമർശമെന്ന് സുധാകരൻ പറഞ്ഞു. മലബാറിൽ ആളുകൾ പരസ്പരം പറയുന്ന കഥ ആവർത്തിച്ചതാണ്. ആരുടെയെങ്കിലും വികാരത്തേയോ മനസ്സിനേയോ വ്രണപ്പെടുത്താൻ ലക്ഷമിട്ടായിരുന്നില്ല പരാമർശമെന്നും അങ്ങനെയാർക്കെങ്കിലും തോന്നിയെങ്കിൽ അത് പിൻവലിക്കുന്നതായും സുധാകരൻ പറഞ്ഞു.

'മലബാറും തിരുവിതാംകൂറും തമ്മിൽ ഒരു വ്യത്യാസമുണ്ട്, അതിന്റെ പ്രതിഫലനമാണോ തന്റെ രാഷ്ട്രീയ രീതി എന്നായിരുന്നു അവരുടെ ചോദ്യം. ഇങ്ങനെയൊരു കഥ ചെറുപ്പത്തിൽ കേട്ടിട്ടുണ്ട് എന്ന് ഞാൻ മറുപടി പറഞ്ഞു. അത്രയേ ഞാൻ പറഞ്ഞിട്ടുള്ളു', സുധാകരൻ പറഞ്ഞു. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയുടെ വിമർശനത്തിനും അദ്ദേഹം മറുപടി പറഞ്ഞു. ചീപ്പ് പോപ്പുലാരിറ്റിയും പൊളിറ്റിക്സും ഉപയോഗിച്ച് പാർട്ടി വളർത്താൻ ആരും ശ്രമിച്ചിട്ടില്ലെന്നും ഒരു വിഭാഗത്തെ അപമാനിച്ചും താഴ്ത്തിക്കെട്ടിയും രാഷ്ട്രീയം നടത്താൻ കേരളം പോലെ ഒരു സംസ്ഥാനത്ത് സാധിക്കില്ലെന്ന സാമാന്യബുദ്ധി തങ്ങൾക്കുണ്ടെന്നും സുധാകരൻ വ്യക്തമാക്കി.'ശശി തരൂരിനെതിരായ 'ട്രെയിനി' പരാമർശത്തിനും അദ്ദേഹം മറുപടി നൽകി. അത്തരത്തിൽ ഒരുവാക്ക് അഭിമുഖത്തിൽ ഉപയോഗിച്ചിട്ടില്ല. ആ വാക്ക് അവർ ഉപയോഗിച്ചതാണ്. എന്നാൽ, സംഘടനാ പ്രവർത്തന രംഗത്ത് തരൂർ പുതുമുഖമാണെന്നും ഒരു പോസ്റ്റിലും ഇരുന്നിട്ടില്ലെന്നും പറഞ്ഞിട്ടുണ്ട്', കെ. സുധാകരൻ വിശദീകരിച്ചു.

രാവണനെ വധിച്ച ശേഷം സീതയ്ക്കും ലക്ഷ്മണനുമൊപ്പം പുഷ്പക വിമാനത്തിൽ തിരിച്ചുവരുമ്പോൾ ലക്ഷ്മണനും രാമനും തമ്മിലുണ്ടായ സംഭാഷണത്തെക്കുറിച്ചുള്ള പരാമർശമായിരുന്നു വിവാദമായത്. തെക്കൻ കേരളത്തിലൂടെ പുഷ്പക വിമാനം സഞ്ചരിക്കുന്നതിനിടെ സീതയെ സ്വന്തമാക്കി കടന്നുകളഞ്ഞാലോ എന്ന് ലക്ഷ്മണൻ ചിന്തിച്ചു. എന്നാൽ തൃശൂർ കഴിഞ്ഞപ്പോൾ താൻ ചിന്തിച്ചതിൽ ലക്ഷ്മണന് കുറ്റബോധമുണ്ടായതെന്നും ഇത് മനസ്സിലാക്കിയ രാമൻ അത് ലക്ഷ്മണന്റെ തെറ്റല്ല, കടന്നുവന്ന മണ്ണിന്റെ തെറ്റാണെന്നു പറഞ്ഞു എന്നുമായിരുന്നു സുധാകരന്റെ പരാമർശം. ഇത് തെക്കൻ ജില്ലക്കാരെ അപമാനിക്കുന്നതാണ് എന്ന് വിമർശനം ഉയർന്നിരുന്നു.

എല്ലാ കാലത്തും വിഭജനത്തിന്റെ രാഷ്ട്രീയമാണ് കോൺഗ്രസിനെന്നും തെക്കും വടക്കുമല്ല പ്രശ്നം മനുഷ്യഗുണമാണ് വേണ്ടതെന്നും മന്ത്രി വി. ശിവൻകുട്ടി പ്രതികരിച്ചിരുന്നു.തരൂരിന് മികച്ച വ്യക്തിത്വമുണ്ടെങ്കിലും സംഘടനാപരമായി അദ്ദേഹം ട്രെയിനിയാണ് എന്നായിരുന്നു തരൂരിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശം.



## 'സുധാകരൻ ചരിത്രബോധമില്ലാതെ ഗീർവാണം നടത്തുന്നു'; അധ്യക്ഷസ്ഥാനത്തുനിന്ന് പുറത്താക്കണമെന്ന് സുരേന്ദ്രൻ

**തിരുവനന്തപുരം:** കെ.പി.സി.സി. അധ്യക്ഷൻ കെ സുധാകരൻ ചരിത്രബോധമില്ലാതെ ഗീർവാണം നടത്തുന്നുവെന്ന് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. രാമായണത്തെക്കുറിച്ചും തെക്കൻ കേരളത്തെക്കുറിച്ചും നടത്തിയത് അങ്ങേയറ്റം അപമാനകരമായ, വളരെയധികം പ്രകോപനപരമായ പ്രസ്താവനയാണ് നടത്തിയിരിക്കുന്നത്. സാധാരണ ജനങ്ങളോടും വിശ്വാസസമൂഹത്തോടുമുള്ള വെല്ലുവിളിയാണെന്ന് സുരേന്ദ്രൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

രാഷ്ട്രീയക്കാർ മഹാപണ്ഡിതന്മാരല്ല. ഇവിടെ അറിയാത്ത കാര്യങ്ങൾ അനവസരത്തിൽ പറഞ്ഞ് ഒരു വിവാദത്തിന് തിരികൊളുത്തിയിരിക്കുകയാണ്. തൃശ്ശൂരിന് അപ്പുറത്തുള്ള ജനങ്ങൾ കൊള്ളരുതാത്തവരെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞിരിക്കുകയാണ്. സുധാകരൻ എന്താണ് തെക്കൻ കേരളത്തിലെ ജനങ്ങളെക്കുറിച്ച് മനസ്സിലാക്കി വെച്ചിരിക്കുന്നത്? അദ്ദേഹത്തിന് ചരിത്രബോധം പൂർണമായും നഷ്ടപ്പെട്ടോ?, സുരേന്ദ്രൻ ചോദിച്ചു. സുധാകരനെ അധ്യക്ഷ സ്ഥാനത്ത് നിന്ന് പുറത്താക്കാൻ രാഹുൽ ഗാന്ധി തയ്യാറാകണം. അല്ലെങ്കിൽ രാഹുലിന് കേരളത്തിലെ ഒരു എംപിയാണെന്ന് പറഞ്ഞിരിക്കാനുള്ള യോഗ്യത ഇല്ല. പാലക്കാടുകാരനായ കോൺഗ്രസ് നേതാവും തിരുവനന്തപുരത്ത് പോയി മത്സരിച്ച് ജയിച്ച പാലക്കാടുകാരനായ ശശി തരൂരും മിണ്ടാതിരിക്കുന്നത് എന്താണ്? കോൺഗ്രസ് അഖിലേന്ത്യാ സ്ഥാനത്തേക്ക് മത്സരിക്കുന്നയാൾ ഇതിനോട് യോജിക്കുന്നുണ്ടോ? വി.ഡി. സതീശന് ഇക്കാര്യത്തെക്കുറിച്ച് എന്താണ് പറയാനുള്ളതെന്നും സുരേന്ദ്രൻ ചോദിച്ചു.കേരളം ഭരിക്കുന്ന പല ആളുകളും മലബാറിൽ നിന്നുള്ളവരാണ്. മുഖ്യമന്ത്രി ആയാലും കെ.പി.സി.സി. പ്രസിഡന്റ് ആയാലും പാർട്ടികളുടെ തലപ്പത്തിരിക്കുന്നവർ ആയാലും മലബാറിൽ നിന്നുള്ളവരാണ്. എങ്ങിനെയാണ് കോൺഗ്രസ് അധ്യക്ഷന് ഇങ്ങനെ സംസാരിക്കാൻ സാധിക്കുന്നത്. ഉമ്മൻ ചാണ്ടിയോടും ചെന്നിത്തലയോടും സതീശനോടുമൊക്കെയുള്ള കെറുവ് ജനങ്ങളോട് ഒരു കാരണവശാലും വെക്കരുതായിരുന്നു. തിരുവിതാംകൂറിലേയും തെക്കൻ കേരളത്തിലേയും ജനങ്ങളെ പരസ്യമായി അപമാനിച്ചിട്ട് പ്രാദേശിക ഭാഷയാണെന്ന് പറഞ്ഞാൽ തീരില്ല. ധീരതയും സത്യസന്ധതയും ആത്മാർത്ഥതയും മലബാറുകാർക്ക് മാത്രമേ ഉള്ളു എന്ന് പറയുമ്പോൾ തിരുവിതാംകൂറുകാർക്കൊന്നും അതില്ല എന്നല്ലേ അർത്ഥമാക്കുന്നത്.

ടിപ്പുവിന്റെ പടയോട്ടകാലത്ത് മലബാറിനെ മുഴുവൻ കീഴടക്കിയപ്പോൾ വൈക്കം പത്മനാഭപിള്ളയാണ് തിരുവിതാംകൂറിലേക്ക് ടിപ്പുവിനെ കടത്തിവിടില്ലെന്ന് പറഞ്ഞ് പ്രതിരോധിച്ചത്. സുധാകരൻ ചരിത്രം പഠിക്കണം. ചരിത്രത്തെക്കുറിച്ച് ഒരു ബോധവുമില്ലാതെയാണ് അദ്ദേഹം ഇത്തരത്തിൽ ഒരു ഗീർവാണം നടത്തുന്നത്, കെ സുരേന്ദ്രൻ പറഞ്ഞു.




## ദയാബായിയുടെ സമരം; ചർച്ചയ്ക്ക് തയ്യാറായി സർക്കാർ, മന്ത്രിമാർക്ക് നിർദേശം നൽകി മുഖ്യമന്ത്രി

**തിരുവനന്തപുരം:** എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സാമൂഹിക പ്രവർത്തക ദയാബായി നടത്തുന്ന നിരാഹാര സമരത്തിൽ ചർച്ചയ്ക്ക് തയ്യാറായി സർക്കാർ.

മുഖ്യമന്ത്രിയുടെ ഇടപെടലിനെത്തുടർന്നാണ് ചർച്ചയ്ക്ക് വഴിയൊരുങ്ങുന്നത്. സമരം തുടങ്ങി രണ്ടാഴ്ചകൾക്ക് ശേഷമാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാവുന്നത്. ഉച്ചയ്ക്ക് പന്ത്രണ്ട് മണിയോടെയാകും ചർച്ച നടക്കുക.സമരക്കാരുമായി ചർച്ച നടത്താൻ സാമൂഹിക നീതി വകുപ്പ് മന്ത്രി ആർ ബിന്ദുവിനും ആരോഗ്യ മന്ത്രി വീണാ ജോർജിനും മുഖ്യമന്ത്രി നിർദേശം നൽകി. സമരത്തോടുള്ള സർക്കാരിന്റെ മനോഭാവം വലിയ വിമർശനങ്ങൾക്ക് ഇടയാക്കിയിരുന്നു. സർക്കാരിൽ നിന്ന് അനുകൂല സമീപനമാണ് പ്രതീക്ഷിക്കുന്നതെന്ന് ദയാബായി പറയുന്നു. എല്ലാ ആവശ്യങ്ങളും സർക്കാർ അംഗീകരിച്ചാൽ മാത്രമേ സമരം അവസാനിപ്പിക്കുകയുള്ളൂവെന്നും ദയാബായി മാദ്ധ്യമങ്ങളോട് വ്യക്തമാക്കി.

സർക്കാരിന്റെ ഇടപെടൽ അനുകൂലമായ നിലപാടായി കാണുന്നുവെന്ന് സമരസമിതി ചെയർമാൻ അമ്പലത്തറ കുഞ്ഞികൃഷ്ണൻ മാദ്ധ്യമങ്ങളോട് പറഞ്ഞു. എയിംസ് പ്രൊപ്പോസലിൽ കാസർകോടിന്റെ പേര് ചേർക്കണം, ആശുപത്രികളിൽ വിദഗ്ദ്ധ ചികിത്സാസംവിധാനം ഒരുക്കണം, മാനസിക വെല്ലുവിളി നേരിടുന്നവർക്കും കിടപ്പിലായവർക്കും ദിനപരിചരണ കേന്ദ്രങ്ങൾ നിർമിക്കണം, എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി അടിയന്തരമായി ക്യാംപ് നടത്തണം എന്നിങ്ങനെ നാല് ആവശ്യങ്ങളായി സമരസമിതി ഉന്നയിക്കുന്നത്.

സമരം ഒത്തുതീർക്കാൻ സർക്കാർ തയാറായില്ലെങ്കിൽ സമരം യു ഡി എഫ് ഏറ്റെടുക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. സർക്കാരിന് പരിഹരിക്കാവുന്ന പ്രശ്നങ്ങൾ മാത്രമാണ് ദയാബായി ഉന്നയിച്ചിരിക്കുന്നത്. ആരോഗ്യമന്ത്രി ഉറപ്പ് നൽകിയാൽ ദയാബായി സമരം അവസാനിപ്പിക്കും. മന്ത്രി നാട്ടിൽ എത്തിയാലുടൻ ഇടപെടണമെന്ന് ആവശ്യപ്പെടുമെന്നും സതീശൻ പറഞ്ഞിരുന്നു. ഐക്യദാർഢ്യവുമായി ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രകടനം നടത്തുകയും ചെയ്തു.




## കേന്ദ്രസർക്കാരിന്റെ സമ്മാനമായി വന്ദേഭാരത് കേരളത്തിലേക്ക്

**ഡൽഹി:** വിമാനത്തിലെപ്പോലെ യാത്രാസുഖം പകരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി പുകഴ്ത്തിയ, 160 കിലോമീറ്റർ വരെ വേഗതയിൽ കുതിച്ചുപായുന്ന വന്ദേഭാരത് ട്രെയിൻ സർവീസ് കേന്ദ്രസർക്കാരിന്റെ പുതുവത്സര സമ്മാനമായി കേരളത്തിന് അനുവദിച്ചേക്കും. ദക്ഷണിറെയിൽവേയ്ക്ക് ആദ്യമായി ലഭിച്ച ട്രെയിൻ ചെന്നൈ ബാംഗ്ലൂർ മൈസൂർ റൂട്ടിൽ നവംബർ പത്തുമുതൽ ഓടിത്തുടങ്ങും. ചെന്നൈ, ബംഗളുരു നഗരങ്ങളിൽ നിന്ന് കേരളത്തിലേക്ക് വന്ദേഭാരത് സർവീസുകൾക്ക് സാദ്ധ്യതയുണ്ട്. ചെന്നൈയിൽ നിന്ന് കന്യാകുമാരിയിലേക്ക് അതിവേഗ ട്രെയിൻ വേണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ തിരുവനന്തപുരത്ത് നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സതേൺ സോണൽ കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇത് പരിഗണിക്കപ്പെട്ടാൽ തിരുവനന്തപുരത്തിന്റെ അയൽപക്കത്തേക്കും ഒരു വന്ദേഭാരത് എത്തും. പാതയിരട്ടിപ്പിക്കൽ പൂർത്തിയായാൽ ഈ ട്രെയിൻ തിരുവനന്തപുരത്തേക്ക് നീട്ടാനുമിടയുണ്ട്. ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിലും ഉത്തർ പ്രദേശ് റായ്ബറേലിയിലെ മോഡേൺ കോച്ച് ഫാക്ടറിയിലും 44 ട്രെയിനുകൾ നിർമ്മാണത്തിലാണ്.

സംസ്ഥാനം ഒരു രൂപ പോലും മുടക്കാതെയാണ് അത്യാധുനിക സൗകര്യങ്ങളുള്ള വന്ദേഭാരത് അതിവേഗ ട്രെയിനുകൾ വരുന്നത്. മൂന്നുവർഷത്തിനകം 400ട്രെയിനുകൾ ഓടിക്കുമെന്നാണ് കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനം. ആസാദി കി അമൃത് മഹോത്സവിന്റെ ഭാഗമായി 75ആഴ്ച കൊണ്ട് 75വന്ദേഭാരത് ട്രെയിനുകളാണ് പ്രധാനമന്ത്രിയുടെ വാഗ്ദാനം. ഇതുവരെ നാല് ട്രെയിനുകളേ ഓടിത്തുടങ്ങിയിട്ടുള്ളൂ. ന്യൂഡൽഹി വാരണാസിയാണ് വന്ദേഭാരതിന്റെ ആദ്യ സർവീസ്. ന്യൂഡൽഹി ശ്രീ മാതാ വൈഷ്ണോ ദേവി കത്ര, ഗാന്ധിനഗർ മുംബയ്, ഹിമാചൽ പ്രദേശിലെ ഊന ഡൽഹി ട്രെയിനുകളും ഓടിത്തുടങ്ങിയിട്ടുണ്ട്. ചെന്നൈ ബാംഗ്ലൂർ മൈസൂർ റൂട്ടിൽ അഞ്ചാമത്തെ വന്ദേഭാരതാണ് വരുന്നത്. ചെന്നൈഎറണാകുളം, മംഗളുരുതിരുവനന്തപുരം, എറണാകുളം ബംഗളുരു റൂട്ടുകളിൽ വന്ദേഭാരത് പ്രതീക്ഷിക്കപ്പെടുന്നുണ്ട്.


180കിലോമീറ്റർ വരെ വേഗത കൈവരിക്കാനാവുന്ന ട്രെയിനിന്റെ പ്രഖ്യാപിത വേഗത 160കിലോമീറ്ററാണ്. എന്നാൽ ഡൽഹി വാരണാസി ട്രെയിനിന് 81കിലോമീറ്ററും ഡൽഹികത്ര ട്രെയിനിന് 94കിലോമീറ്ററുമാണ് ശരാശരി വേഗത. കേരളത്തിൽ വന്ദേഭാരതിന് വഴിയൊരുക്കാൻ പ്രധാന രണ്ട് പാതകളുടെ വേഗം കൂട്ടാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം–എറണാകുളം (ആലപ്പുഴ വഴി), ഷൊർണൂർ– മംഗളൂരു പാതകളാണ് മണിക്കൂറിൽ 130 കിലോമീറ്റർ വേഗത്തിൽ ട്രെയിനോടിക്കാവുന്ന തരത്തിൽ പുതുക്കുന്നത്. ഇതുവരെ ഇവിടുത്തെ പരമാവധി വേഗം 100 കിലോമീറ്ററായിരുന്നു. താരതമ്യേന വളവുകൾ കുറവുള്ള ആലപ്പുഴ പാതയിൽ വേഗംകൂടുന്നതോടെ തിരുവനന്തപുരത്തേക്ക് കൂടുതൽ സർവീസുകൾ നടത്താനാവും. കൊടും വളവുകളുള്ള കൊല്ലം, കുറ്റിപ്പുറം സ്റ്റേഷനുകളിൽ റെയിൽവേ ബൈപ്പാസുകൾ നിർമ്മിച്ചാവും വേഗംകൂട്ടുക. ചെറിയ വളവുകളെല്ലാം നിവർത്തും. വന്ദേഭാരത് അനുവദിച്ചാലും കേരളത്തിൽ 80കിലോമീറ്ററിനു മേൽ വേഗം കൈവരിക്കാനാവില്ലെന്നായിരുന്നു ഇതുവരെ സ്ഥിതി. വളവുകൾ നിവർത്തുന്നതോടെ ഇതിന് മാറ്റം വരും. നിലവിൽ എറണാകുളംഷൊർണൂർ പാതയിൽ 80കിലോമീറ്ററാണ് ശരാശരി വേഗമെങ്കിലും ഷൊർണൂർമംഗലാപുരം പാതയിൽ 110കിലോമീറ്റർ സാദ്ധ്യമാണ്. ജനശതാബ്ദി, രാജധാനി ട്രെയിനുകളെപ്പോലെ മുൻഗണന നൽകി, മറ്റുചില ട്രെയിനുകൾ പിടിച്ചിട്ട് വന്ദേഭാരത് കടത്തിവിടേണ്ടിവരും.

മുൻപ് തുടങ്ങിയ സർവീസുകളിൽ ഉപയോഗിച്ച വന്ദേഭാരത് ട്രെയിനുകളുടെ പരിഷ്കരിച്ച കോച്ചുകളാണ് പുതിയ സർവീസിനുപയോഗിക്കുന്നത്. ഓടിത്തുടങ്ങുന്ന ട്രെയിനിന് ആദ്യ 52 സെക്കന്റിൽ തന്നെ 100 കിലോമീറ്റർവരെ വേഗം കൈവരിക്കാൻ സാധിക്കും. നേരത്തെ, 430 ടൺ ഭാരമുണ്ടായിരുന്ന ട്രെയിനുകൾക്ക് നിലവിൽ 392 ടൺ ഭാരമാണുള്ളത്. കറങ്ങുന്ന സീറ്റുകളും മോഡുലർ ബയോ ടോയ്‌ലറ്റും വിശാലമായ ജനലുകളും സ്ലൈഡിംഗ് ഡോറുകളുമാണ് വന്ദേഭാരതിന്. എൻജിൻ കോച്ചില്ല. ഒന്നിടവിട്ടുള്ള കോച്ചുകൾക്കടിയിൽ 250കിലോവാട്ട് ശേഷിയുള്ള നാല് മോട്ടോറുകൾ. മെട്രോയിലുള്ള ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റിന് സമാനമായ പ്രവർത്തനമാണിതിന്. ഒരു ട്രെയിനിൽ 16 കോച്ചുകളുണ്ടാവും. രണ്ട് എക്സിക്യൂട്ടീവ് കോച്ചുകളിൽ 52സീറ്റുകൾ വീതം. ഇതിന് നിരക്കുയരും. മറ്റു കോച്ചുകളിൽ 72സീറ്റുകളാണുള്ളത്.

മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ തദ്ദേശീയമായി നിർമ്മിച്ച അത്യാധുനിക ട്രെയിനാണിത്. മികച്ച സീറ്റുകൾ, ഇന്റീരിയറുകൾ, ഓട്ടോമാറ്റിക് ഡോറുകൾ എന്നിവയുണ്ട്. യാത്രക്കാർക്ക് വൈഫൈ സൗജന്യമായി ലഭ്യമാക്കും. എല്ലാ കോച്ചുകളിലും യാത്രക്കാർക്കു വിവര, വിനോദ സൗകര്യങ്ങളുണ്ടാവും. ഇതിനായി 32 ഇഞ്ച് സ്ക്രീനുകളുണ്ട്. മുൻപിറങ്ങിയ ട്രെയിനുകളിൽ 24ഇഞ്ച് സ്ക്രീനുകളായിരുന്നു. ശീതികരണ സംവിധാനം 15 ശതമാനം കൂടുതൽ ഊർജ്ജ ക്ഷമതയുള്ളതാണ്. ട്രാക്ഷൻ മോട്ടോറിൽ പൊടിശല്യമുണ്ടാകാത്ത ശുദ്ധവായു ശീതീകരണ സംവിധാനമുള്ളതിനാൽ യാത്ര കൂടുതൽ സുഖകരമാകും. നേരത്തെ എക്സിക്യൂട്ടീവ് ക്ലാസ് യാത്രക്കാർക്കു മാത്രം നൽകിയിരുന്ന സൈഡ് റിക്ലൈനർ സീറ്റ് സൗകര്യം ഇനി എല്ലാ ക്ലാസുകൾക്കും ലഭ്യമാക്കും. എക്സിക്യൂട്ടീവ് കോച്ചുകളിൽ 180 ഡിഗ്രി കറങ്ങുന്ന സീറ്റുകളാണ്. ട്രെയിനുകളുടെ കൂട്ടിയിടി ഒഴിവാക്കാൻ 'കവച്' എന്ന സംവിധാനവുമുണ്ട്. അണുക്കൾ, ബാക്ടീരിയകൾ, വൈറസ് മുതലായവയിൽ നിന്ന് വായു വേർതിരിച്ച് ശുദ്ധീകരിക്കാനുള്ള സംവിധാനവും പുതിയ കോച്ചുകളിലുണ്ട്. ബോഗിക്കടിയിലേക്ക് വെള്ളം കയറാത്ത ഡിസൈൻ, വൈദ്യുതിയില്ലെങ്കിലും കത്തുന്ന എമർജൻസി ലൈറ്റുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവയുമുണ്ട്.

### ആശാൻ

ഗവർണറുടെ അസാധാരണ നടപടി സെനറ്റ് പ്രതിനിധികളെ പിൻവലിച്ചു 15 പേർ അയോഗ്യർ



ഇങ്ങനെ കുറേ അധികാരങ്ങൾ ഗവർണർക്ക് ഉണ്ടെന്ന് മനസിലായത് ഇപ്പഴാ



## ബിജെപിവിരുദ്ധ ബദൽ; ദേശീയതലത്തിൽ കോൺഗ്രസുമായി സഖ്യംവേണമെന്ന് പാർട്ടികോൺഗ്രസിൽ CPI കേരളാഘടകം


**വിജയവാഡ:** ദേശീയതലത്തിൽ കോൺഗ്രസുമായി സഖ്യംവേണമെന്ന് ആവശ്യമുന്നയിച്ച് സി.പി.ഐ. പാർട്ടി കോൺഗ്രസിൽ കേരളാഘടകം. ബിജെപി വിരുദ്ധ ബദൽ സഖ്യത്തിന്റെ കാര്യത്തിൽ വ്യക്തത വേണമെന്നും രാഷ്ട്രീയ റിപ്പോർട്ടിന്റെ ചർച്ചയിൽ കേരളത്തെ പ്രതിനിധീകരിച്ച് രാജാജി മാത്യു തോമസ് ആവശ്യപ്പെട്ടു.കോൺഗ്രസിനെ ഒഴിവാക്കി ബിജെപിക്കെതിരെ ദേശീയ ബദൽ സാധ്യമല്ലെന്നാണ് സിപിഐയുടെ വിലയിരുത്തൽ. ബിജെപിയെ താഴെയിറക്കണമെങ്കിൽ രാജ്യത്തുടനീളം വേരോട്ടമുള്ള കോൺഗ്രസിനെ കൂടെ കൂട്ടിയാൽ മാത്രമേ സാധിക്കൂ. കേരളത്തിൽ പ്രതിപക്ഷത്തും ഭരണപക്ഷത്തും ഇരിക്കുമ്പോൾ ദേശീയതലത്തിൽ ഇക്കാര്യത്തിൽ ഒരു സഖ്യം വേണം. തിരഞ്ഞെടുപ്പിന് ശേഷമുള്ള സഖ്യമല്ല വേണ്ടത്. അതിന് മുമ്പേതന്നെ സഖ്യം വേണമെന്ന ആവശ്യമാണ് കേരളാ ഘടകത്തെ പ്രതിനിധീകരിച്ച് സംസാരിച്ച രാജാജി മാത്യു തോമസ് ഉന്നയിച്ചത്. വിഷയം തിങ്കളാഴ്ച നടക്കുന്ന പൊതുചർച്ചയിലും ചർച്ചയാകും.

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## റെയിൽവേ വികസനവും വേഗത്തിലാക്കണം

അടുത്ത റെയിൽവേ ബഡ്ജറ്റിനു മുമ്പ് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിനു കഴിയണം

കേരളത്തിൽ ട്രെയിനുകളുടെ വേഗം പടിപടിയായി വർദ്ധിപ്പിക്കാനുള്ള പദ്ധതിക്ക് റെയിൽവേ ബോർഡ് രൂപം നൽകിയിരിക്കുകയാണ്. സംസ്ഥാനത്തെ റെയിൽവേ യാത്രക്കാരിൽ സന്തോഷം പകരുന്ന വാർത്ത തന്നെയാണിത്. അടുത്ത രണ്ടുവർഷം കൊണ്ട് എല്ലാ ട്രെയിനുകളുടെയും സ്പീഡ് മണിക്കൂറിൽ 130 കിലോമീറ്ററായി വർദ്ധിപ്പിക്കാനുള്ള തയ്യാറെടുപ്പുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം മുതൽ മംഗലാപുരം വരെ ഇരട്ടപ്പാത യാഥാർത്ഥ്യമായതും തിരുവനന്തപുരം - കന്യാകുമാരി പാത ഇരട്ടപ്പാതയാക്കുന്ന ജോലികൾക്ക് ആക്കം കൂട്ടിയതും പ്രധാന വഴിത്തിരിവാണ്. ഇരട്ടപ്പാതയുടെ അഭാവമാണ് പ്രധാനമായും സംസ്ഥാനത്തെ റെയിൽവേ വികസനത്തിനു തടസമായി നിന്നത്. ട്രെയിനുകൾ കൂടുതൽ വേഗത്തിൽ ഓടിക്കണമെങ്കിൽ പാതയുടെ നവീകരണം പൂർത്തിയാക്കേണ്ടതുണ്ട്. നിലവിലെ റെയിൽപാത പലേടത്തും ബലം കുറഞ്ഞതും ഇളകിയ മണ്ണുള്ളതുമാണ്. അതിലുപരി ധാരാളം വളവുകളുള്ളത് അതിവേഗ യാത്രയെ തടസപ്പെടുത്തുന്നുണ്ട്. വളവുകൾ നേരെയാക്കുക ശ്രമകരവും പണച്ചെലവുമുള്ള കാര്യമാണ്. ഇതോടൊപ്പം തന്നെ സിഗ്നൽ സംവിധാനവും പരിഷ്കരിക്കേണ്ടതുണ്ട്. അതിന്റെ പണി ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് ട്രെയിനുകളുടെ ഇപ്പോഴത്തെ പരമാവധി വേഗം നൂറുകിലോമീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത്രയും വേഗത്തിൽ ഓടുന്ന വണ്ടികൾ ഇല്ലെന്നുതന്നെ പറയാം.

റെയിൽവേയുടെ അഭിമാനമായ പുതിയ വന്ദേഭാരത് ഉൾപ്പെടെയുള്ള അതിവേഗ ട്രെയിനുകൾ മലയാളികളുടെയും സ്വപ്നമാണ്. കേരളത്തിനും വന്ദേഭാരത് അനുവദിക്കുമെന്നു കേട്ടിരുന്നു. 160 കി. മീറ്റർ വേഗത്തിൽ ഓടുന്ന ഈ അതിവേഗ ട്രെയിനിനെ വരവേൽക്കാൻ പാത അതിനു തക്കവിധം ഒരുക്കേണ്ടതുണ്ട്. അതിനു സാദ്ധ്യത കുറവായതിനാൽ ആഗ്രഹം മനസിലൊതുക്കുകയേ നിർവാഹമുള്ളൂ. എന്നാൽ മറ്റ് അതിവേഗ ട്രെയിനുകൾ കൂടുതലായി അനുവദിച്ച് ഈ കുറവ് നികത്താൻ കഴിയും. സംസ്ഥാന സർക്കാരും ജനപ്രതിനിധികളും അതിനായി സമ്മർദ്ദം ചെലുത്തുകയാണു വേണ്ടത്.

ട്രെയിനുകൾക്ക് വേഗം കൂട്ടുന്നതിനൊപ്പം ഏറ്റെടുക്കേണ്ട വേറെയും കാര്യങ്ങളുണ്ട്. കൂടുതൽ ട്രെയിനുകൾ അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന് ഏറെ നാളത്തെ പഴക്കമുണ്ട്. ഇരട്ടപ്പാത ഇല്ലാത്തതിന്റെ പേരിലായിരുന്നു ഇതുവരെ കേരളത്തിന്റെ ഈ പ്രധാന ആവശ്യം നിരാകരിക്കപ്പെട്ടിരുന്നത്. കോട്ടയം പാതയും ഇരട്ടയായതോടെ പുതിയ വണ്ടികൾ വരാനുള്ള സാദ്ധ്യത കൂടിയിട്ടുണ്ട്. അടുത്ത റെയിൽവേ ബഡ്ജറ്റിനു മുമ്പ് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിനു കഴിയണം




## കോടികൾ ചെലവിട്ട് അമേരിക്കൻ പത്രത്തിൽ ഫുൾ പേജിൽ മോദി വിരുദ്ധ പരസ്യം, പിന്നിൽ പ്രവർത്തിച്ച കരങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പുറത്ത്

ന്യൂഡൽഹി : ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി, മന്ത്രിമാർ, ജഡ്ജിമാർ, ഉദ്യോഗസ്ഥർ തുടങ്ങിയ രാജ്യത്തെ ഉന്നതരെ കരിവാരി തേയ്ക്കുക എന്ന ഉദ്യേശത്തോടെ ശനിയാഴ്ച അമേരിക്കൻ പത്രമായ വാൾസ്ട്രീറ്റ് ജേണലിൽ ഒരു പേജ് ഫുൾ കളർ പരസ്യം വന്നിരുന്നു.

രാജ്യത്തെ അപകീർത്തിപ്പെടാൻ ഉദ്ദേശിച്ചുള്ള പരസ്യത്തിന് പിന്നിൽ ഇന്ത്യൻ ബന്ധമുള്ള കരങ്ങളാണെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞു. മന്ത്രിമാരും ഉദ്യോഗസ്ഥരും ജഡ്ജിമാരും ഉൾപ്പെടെ 11 ഇന്ത്യക്കാരുടെ പേരുകൾ പരാമർശിച്ചാണ് പരസ്യം പ്രസിദ്ധീകരിച്ചത്. ഇതിൽ നരേന്ദ്ര മോദി സർക്കാരിനെ കുറ്റപ്പെടുത്തുകയും ചെയ്തു.

സർക്കാരിന്റെ ഉന്നത തലത്തിലുള്ളവർക്കെതിരെ ആസൂത്രിതമായി കോടികൾ ചെലവിട്ട് അമേരിക്കൻ മാദ്ധ്യമത്തിലൂടെ പ്രചരണം നടത്തിയവരെ കുറിച്ചുള്ള അന്വേഷണത്തിൽ ദേവാസ് ഗ്രൂപ്പിന്റെ മുൻ സിഇഒ ആണെന്നാണ് കണ്ടെത്തിയത്.കള്ളപ്പണം വെളുപ്പിക്കൽ കേസിൽ പ്രതിയായതിനെ തുടർന്ന് ഇന്ത്യയിൽ നിന്നും ഒളിവിൽ പോയ സാമ്പത്തിക കുറ്റവാളിയായ രാമചന്ദ്രൻ വിശ്വനാഥനുമായി ബന്ധമുള്ള ഇന്ത്യാ വിരുദ്ധ ഗ്രൂപ്പാണ് പരസ്യം നൽകിയത്.

അമേരിക്കൻ മാദ്ധ്യമങ്ങളെ തട്ടിപ്പുകാർ ലജ്ജാകരമായ ആയുധമാക്കുന്നുവെന്ന് പരസ്യം വന്നതിന് പിന്നാലെ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിലെ മുതിർന്ന ഉപദേഷ്ടാവ് കാഞ്ചൻ ഗുപ്ത ട്വീറ്റ് ചെയ്തിരുന്നു.

ഇന്ത്യയെയും കേന്ദ്ര സർക്കാരിനെയും ലക്ഷ്യമിട്ടുള്ള പരസ്യങ്ങൾക്ക് പിന്നിലുണ്ടെന്ന് കണ്ടെത്തിയ രാമചന്ദ്രൻ വിശ്വനാഥനെതിരെ സുപ്രീം കോടതിയും വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതാവാം പരസ്യത്തിൽ ജഡ്ജിമാരെയും അപകീർത്തിപ്പെടുത്താൻ ഇയാൾ തീരുമാനിച്ചത്. സുപ്രീം കോടതി ജഡ്ജിമാരായ വി. രാമസുബ്രഹ്മണ്യനെയും ഹേമന്ത് ഗുപ്തയെയുമാണ് പരസ്യത്തിൽ പരാമർശിച്ചിട്ടുള്ളത്. ഈ ജഡ്ജിമാരെയാണ് പരസ്യത്തിലൂടെ ഇകഴ്ത്തിയിരിക്കുന്നത്.

ഇന്ത്യൻ വംശജനും അമേരിക്കൻ പൗരനുമായ വിശ്വനാഥൻ ആൻട്രിക്സ് ദേവാസ് അഴിമതിയുമായി ബന്ധപ്പെട്ട് ഇന്ത്യൻ സർക്കാരുമായി തർക്കത്തിലായിരുന്നു.

ശനിയാഴ്ച പുറത്തിറങ്ങിയ വാൾസ്ട്രീറ്റ് ജേർണലിലാണ് ധനമന്ത്രി നിർമല സീതാരാമനെയും മറ്റ് 10 മുതിർന്ന ഉദ്യോഗസ്ഥരെയും കുറിച്ച് വിവാദമായ പരസ്യം പ്രസിദ്ധീകരിച്ചത്. ഇന്ത്യയെ 'നിക്ഷേപത്തിനുള്ള സുരക്ഷിതമല്ലാത്ത സ്ഥലമാക്കി' മാറ്റുന്ന ഉദ്യോഗസ്ഥരാണിവരെന്ന് വിശേഷിപ്പിച്ചു. യുഎസ് ആസ്ഥാനമായുള്ള ഫ്രോണ്ടിയേഴ്സ് ഓഫ് ഫ്രീഡത്തിന്റെ വെബ്സൈറ്റിലേക്ക് നയിക്കുന്ന ഒരു ക്യുആർ കോഡും പരസ്യത്തിലുണ്ടായിരുന്നു. ധനമന്ത്രി നിർമ്മല സീതാരാമന് പുറമെ ആൻട്രിക്സ് ചെയർമാൻ രാകേഷ് ശശിഭൂഷൺ, സോളിസിറ്റർ ജനറൽ തുഷാർ മേത്ത, അഡീഷണൽ സോളിസിറ്റർ ജനറൽ എൻ. വെങ്കിട്ടരാമൻ, ജസ്റ്റിസുമാരായ ഹേമന്ത് ഗുപ്ത, വി. രാമസുബ്രഹ്മണ്യൻ, സിബിഐ ഡിഎസ്പി ആശിഷ് പരീഖ്, ഇഡി ഡയറക്ടർ സഞ്ജയ് കുമാർ മിശ്ര, ഡെപ്യൂട്ടി ഡയറക്ടർ എ. സാദിഖ് മുഹമ്മദ്. നൈജ്നാർ, അസിസ്റ്റന്റ് ഡയറക്ടർ ആർ. രാജേഷ്, പ്രത്യേക ജഡ്ജി ചന്ദ്രശേഖർ എന്നിവരെയാണ് പരസ്യത്തിൽ പരാമർശിച്ചത്.

ഗ്ലോബൽ മാഗ്നിറ്റ്സ്കി ഹ്യൂമൻ റൈറ്റ്സ് അക്കൗണ്ടബിലിറ്റി ആക്ട് പ്രകാരം അവർക്കെതിരെ സാമ്പത്തിക, വിസ ഉപരോധം ഏർപ്പെടുത്താൻ ഞങ്ങൾ യുഎസ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മോദിയുടെ കീഴിൽ നിയമവാഴ്ചയുടെ തകർച്ച ഇന്ത്യയെ നിക്ഷേപത്തിനുള്ള അപകടകരമായ സ്ഥലമാക്കി മാറ്റി. നിങ്ങൾ ഇന്ത്യയിലെ ഒരു നിക്ഷേപകനാണെങ്കിൽ, അടുത്തത് നിങ്ങളായിരിക്കാം,' ഒക്ടോബർ 13 ന് പ്രസിദ്ധീകരിച്ച പരസ്യം വ്യക്തമാക്കുന്നു.

അന്താരാഷ്ട്ര നാണയ നിധിയുടെയും ലോക ബാങ്കിന്റെയും വാർഷിക യോഗങ്ങളിൽ പങ്കെടുക്കാനായി നിർമ്മല സീതാരാമൻ അമേരിക്കയിൽ സന്ദർശനം നടത്തുന്ന സമയത്താണ് പരസ്യം വന്നതെന്നതും ശ്രദ്ധേയമാണ്. ഒക്ടോബർ 11ന് വാഷിംഗ്ടണിലെത്തിയ ധനമന്ത്രി ഇന്ന് ഇന്ത്യയിലേക്ക് മടങ്ങും.



# ഹിന്ദിക്കുപിന്നാലെ മെഡിക്കൽ വിദ്യാഭ്യാസം പ്രാദേശികഭാഷകളിലും വരുന്നു

ന്യൂഡൽഹി: ഹിന്ദിക്കുപിന്നാലെ പ്രാദേശികഭാഷകളിലും മെഡിക്കൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ നടപടിയുമായി കേന്ദ്രം. വിദ്യാഭ്യാസമന്ത്രാലയത്തിനു കീഴിൽ ഇന്ത്യൻഭാഷകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉന്നതാധികാരസമിതിയാണ് ഇതിന് മുൻകൈയെടുക്കുന്നത്.

പ്രാദേശികഭാഷയിൽ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനും പുസ്തകങ്ങൾ മൊഴിമാറ്റുന്നതിനും ദേശീയ മെഡിക്കൽ കമ്മിഷൻ (എൻ.എം.സി.), സംസ്ഥാന മെഡിക്കൽ കൗൺസിലുകൾ, മെഡിക്കൽ സർവകലാശാലകൾ, കോളേജുകൾ, ഡോക്ടർമാർ, പ്രൊഫസർമാർ എന്നിവരുമായി ചർച്ച ആരംഭിച്ചതായി സമിതി അധ്യക്ഷൻ ചാമു കൃഷ്ണ ശാസ്ത്രി പറഞ്ഞു.

തമിഴ്നാട് ഡോ. എം.ജി.ആർ. മെഡിക്കൽ സർവകലാശാലാ വൈസ് ചാൻസലർ ഡോ. സുധ ശേഷയ്യൻ എം.എസ്. ഇംഗ്ലീഷ് മെഡിക്കൽ പദങ്ങളുടെ തമിഴ് മൊഴിമാറ്റപ്പട്ടിക തയ്യാറാക്കിത്തുടങ്ങി.തൊണ്ണൂറുശതമാനം രോഗികൾക്കും ഇംഗ്ലീഷ് അറിയില്ല. ഡോക്ടർമാർ ഇംഗ്ലീഷിൽ മരുന്നുകൾ കുറിക്കുന്നതും രോഗത്തെക്കുറിച്ച് വിശദീകരിക്കുന്നതും രോഗിക്ക് മനസ്സിലാകുന്നില്ല. ഒപ്പം സെക്കൻഡറിതലംവരെ പ്രാദേശികഭാഷയിൽ പഠിച്ച വിദ്യാർഥികൾക്ക് ഉന്നതപഠനം ഇംഗ്ലീഷിലേക്ക് മാറുന്നതോടെ ബുദ്ധിമുട്ടുകളുണ്ടാകുമെന്നും ശാസ്ത്രി പറഞ്ഞു.

എൻജിനിയറിങ് കോഴ്സുകൾ നിലവിൽ പ്രാദേശികഭാഷകളിലുണ്ട്. സാങ്കേതികപഠനം പ്രാദേശികഭാഷയിലാക്കുന്നതിന്റെ ഭാഗമായി 11 സംസ്ഥാനങ്ങളിൽ 2021-ലാണ് എ.ഐ.സി.ടി.ഇ. എൻജിനിയറിങ് കോഴ്സുകൾ ആരംഭിച്ചത്.

ഹിന്ദി പതിപ്പ് പ്രകാശനം ഇന്ന് ഭോപാലിൽ

മധ്യപ്രദേശിൽ എം.ബി.ബി.എസ്. ഒന്നാംവർഷ വിദ്യാർഥികൾക്കുള്ള പാഠപുസ്തകത്തിന്റെ ഹിന്ദിപതിപ്പ് ഞായറാഴ്ച കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഭോപാലിൽ പ്രകാശനംചെയ്യും.ഇതോടെ ഹിന്ദിയിൽ മെഡിക്കൽ വിദ്യാഭ്യാസം നൽകുന്ന രാജ്യത്തെ ആദ്യസംസ്ഥാനമായി മധ്യപ്രദേശ് മാറും. ഭോപാലിലെ ഗാന്ധി മെഡിക്കൽ കോളേജിൽ (ജി.എം.സി.) ആരംഭിക്കുന്ന ആദ്യഘട്ടപദ്ധതി ഈ വർഷംതന്നെ സംസ്ഥാനത്തെ 13 സർക്കാർ മെഡിക്കൽ കോളേജുകളിലേക്കും വ്യാപിപ്പിക്കും. 97 ഡോക്ടർമാരടങ്ങുന്ന സമിതി എട്ടുമാസമെടുത്താണ് പുസ്തകം തയ്യാറാക്കിയത്.




# ആറുമാസം ബഹിരാകാശത്ത്; ക്രൂ ഫോർ തിരിച്ചെത്തി

ബഹിരാകാശ യാത്രികരായ (ഇടത്തുനിന്ന്) ജെസ്സിക്ക വാക്കിൻസ്, ബോബ് ഹൈൻസ്, ജെൽ ലിൻഡ്ഗ്രെൻ, സാമന്ത ക്രിസ്റ്റോഫൊറെറ്റി എന്നിവർ തിരിച്ചെത്തിയപ്പോൾ □ ജവീേ: ചഞടഅ

വാഷിങ്ടൺ: അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ 170 ദിവസം ചെലവഴിച്ച നാലംഗസംഘം സുരക്ഷിതരായി തിരിച്ചെത്തി. അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ ബോബ് ഹൈൻസ്, ജെൽ ലിൻഡ്ഗ്രെൻ, ജെസ്സിക്ക വാക്കിൻസ്, യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ സാമന്ത ക്രിസ്റ്റോഫൊറെറ്റി എന്നിവരുൾപ്പെടുന്ന 'ക്രൂ-4' സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകത്തിലാണ് ഭൂമിതൊട്ടത്. പാരച്യൂട്ടിന്റെ സഹായത്തോടെ പ്രാദേശികസമയം വെള്ളിയാഴ്ച വൈകീട്ട് 4.55-ന് ഫ്ലോറിഡയ്ക്കടുത്ത് ജാക്സൺവില്ല തീരത്തോടുചേർന്ന് അറ്റ്ലാന്റിക് സമുദ്രത്തിലാണ് പേടകം ഇറങ്ങിയത്. സ്പേസ് എക്സിന്റെ രക്ഷാബോട്ടുകൾ പേടകത്തെയും ബഹിരാകാശ യാത്രികരെയും കരയ്ക്കെത്തിച്ചു. ഇതോടെ, നാസയുടെ നാലാം വാണിജ്യദൗത്യമാണ് പൂർത്തിയായത്.

തിരിച്ചെത്തിയ ബഹിരാകാശ യാത്രികരെ നാസ തലവൻ ബിൽ നെൽസൺ സ്വാഗതം ചെയ്തു. സംഘത്തിന്റെ ആറുമാസത്തെ പ്രവർത്തനങ്ങൾ ഭാവി ബഹിരാകാശദൗത്യങ്ങൾക്ക് കൂടുതൽ സഹായകമാകുമെന്നും ബിൽ നെൽസൺ പറഞ്ഞു.

ഫ്ളോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽനിന്ന് ഏപ്രിൽ 27-നാണ് ഫാൽക്കൺ-9 റോക്കറ്റിൽ ക്രൂ-4 പുറപ്പെട്ടത്. ദൗത്യത്തിന്റെ ഭാഗമായി 11 കോടി കിലോമീറ്ററിലധികം ഇവർ സഞ്ചരിച്ചു. രണ്ട് യാത്രകളിലായി 369 ദിവസം ബഹിരാകാശത്ത് തങ്ങിയ ക്രിസ്റ്റോഫൊറെറ്റി ഏറ്റവും കൂടുതൽ കാലം ബഹിരാകാശത്ത് തങ്ങുന്ന രണ്ടാം വനിതയായി



# അബുദാബിയിൽ ഇന്ത്യൻ കമ്പനിയുടെ നാലുതരം മരുന്നുകൾക്ക് വിലക്ക്

അബുദാബി: ആഫ്രിക്കയിലെ ഗാമ്പിയയിൽ 66 കുട്ടികളുടെ മരണത്തിന് ഇടയാക്കിയ ഇന്ത്യൻ കമ്പനിയുടെ മരുന്നുകൾക്ക് അബുദാബി വിലക്കേർപ്പെടുത്തി. വെള്ളിയാഴ്ച ഇത് സംബന്ധിച്ച് പുറത്തിറക്കിയ അറിയിപ്പിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. കമ്പനിയുടെ നാലുതരം മരുന്നുകൾ അബുദാബിയിൽ എവിടെയും വിൽക്കരുതെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി.ചുമയ്ക്കും ജലദോഷത്തിനുമുള്ള പ്രൊമിതാസിൻ ഓറൽ സൊലൂഷൻ ബി.പി., കൊഫേക്സ്മാലിൻ ബേബി കഫ് സിറപ്പ്, മകോഫ് ബേബി, മാഗ്രിപ് എൻ കോൾഡ് എന്നീ നാല് മരുന്നുകൾ ഉപയോഗിക്കരുതെന്നാണ് ആരോഗ്യവകുപ്പിന്റെ നിർദേശം. ഇവയിൽ അപകടകരമായ അളവിൽ കെമിക്കലുകൾ കണ്ടെത്തിയെന്ന് ലോകാരോഗ്യ സംഘടനയാണ് അറിയിച്ചത്.

ഈ മരുന്നുകൾ കൈയിലുള്ളവർ അവ ഉപയോഗിക്കരുതെന്നും ഉപയോഗിച്ചവർ പാർശ്വഫലങ്ങൾ അനുഭവപ്പെട്ടാൽ ഉടൻ ചികിത്സ തേടുകയും വേണമെന്ന് ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടു. മെയ്ഡൻ ഫാർമസ്യൂട്ടിക്കൽസ് എന്ന ഇന്ത്യൻ കമ്പനിയുടെ മരുന്ന് കഴിച്ച് ഗാമ്പിയയിൽ 66 കുട്ടികളാണ് മരണപ്പെട്ടത്.

കുട്ടികളുടെ മരണത്തിന് പിന്നിൽ കമ്പനിയുടെ മരുന്നുകളാണെന്ന് ലോകാരോഗ്യ സംഘടനയാണ് വ്യക്തമാക്കിയത്. ഇതേതുടർന്ന് കമ്പനിയുടെ മരുന്ന് ഉത്പാദനം നിർത്തിവെപ്പിച്ചിരിക്കുകയാണ്.

SPECIAL-NEWS






# ലാവലിൻ, സ്വർണ്ണക്കടത്ത് കേസുകൾ വ്യാഴാഴ്ച സുപ്രീം കോടതി പരിഗണിക്കും; പിണറായിക്ക് നിർണായകം

**ന്യൂഡൽഹി:** മുപ്പതിലേറെ തവണ മാറ്റിവെച്ച ലാവലിൻ കേസുമായി ബന്ധപ്പെട്ട ഹർജികൾ സുപ്രീം കോടതി വ്യാഴാഴ്ച്ച പരിഗണിക്കും. ചീഫ് ജസ്റ്റിസ് യു.യു ലളിത്, ബേല എം. ത്രിവേദി എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. സ്വർണ്ണക്കടത്ത് കേസിന്റെ വിചാരണ ബംഗളൂരുവിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജിയും അതേദിവസം ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് പരിഗണിക്കും.
ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് വ്യാഴാഴ്ച്ച പരിഗണിക്കുന്ന എട്ടാമത്തെ കേസാണ് എസ് എൻ സി ലാവലിനുമായി ബന്ധപ്പെട്ട വിവിധ ഹർജികൾ. നേരത്തെ സെപ്റ്റംബർ പതിമൂന്നിന് ലാവലിൻ കേസുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുമെന്നായിരുന്നു ചീഫ് ജസ്റ്റിസ് യു യു ലളിത് വ്യക്തമാക്കിയിരുന്നത്. എന്നാൽ അന്ന് അദ്ദേഹം ഭരണഘടനാ ബെഞ്ചിന്റെ ഭാഗമായിരുന്നതിനാൽ ഹർജികൾ പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല.
ഹർജികൾ പരിഗണിക്കുന്നത് മാറ്റിവയ്ക്കണമെന്ന് ഏതെങ്കിലും കക്ഷി ആവശ്യപെടുമോ എന്ന് വ്യക്തമല്ല. ആരും ആവശ്യപ്പെട്ടില്ലെങ്കിൽ അന്നുതന്നെ കേസിൽ വിശദമായ വാദം കോടതിയിൽ നടക്കാനാണ് സാധ്യത.
സ്വർണ്ണക്കടത്ത് കേസിലെ വിചാരണ ബംഗളൂരുവിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് ഇ.ഡി നൽകിയ ഹർജി വ്യാഴാഴ്ചത്തെ മുപ്പതാമത്തെ ഹർജിയായാണ് സുപ്രീം കോടതി പരിഗണിക്കുന്നത്. ഇ.ഡിയുടെ ആവശ്യത്തിൽ വാദംകേട്ട് അന്നുതന്നെ അന്തിമവിധി പ്രസ്താവിക്കുമെന്ന് ചീഫ് ജസ്റ്റിസ് യു. യു ലളിത് അധ്യക്ഷനായ ബെഞ്ച് നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്.

## തമിഴ്നാട്ടിലെ ജുവലറി ഉടമ ദീപാവലിക്ക് ജീവനക്കാർക്ക് നൽകിയത് കാറുകളും ബൈക്കുമുൾപ്പടെ 1.2 കോടിയുടെ സമ്മാനങ്ങൾ



**ചെന്നൈ:** ഉത്തരേന്ത്യയിൽ ദീപാവലി ആഘോഷത്തിന് നൽകുന്ന അതേ പ്രാധാന്യമാണ് നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ.
ദീപാവലിക്ക് ജീവനക്കാർക്ക് സർപ്രൈസ് സമ്മാനങ്ങൾ നൽകുന്ന ഉത്തരേന്ത്യയിലെ വ്യവസായികളുടെ പതിവ് രീതിയാണ്. ഇക്കുറി തമിഴ്നാട്ടിലും ഒരു ജുവലറി ഉടമ തന്റെ തൊഴിലാളികൾക്ക് സർപ്രൈസ് സമ്മാനങ്ങൾ നൽകി ഞെട്ടിച്ചിരിക്കുകയാണ്. ചലനി ജ്വല്ലറി ഉടമ ജയന്തി ലാൽ ചായന്തിയാണ് ദീപാവലി സമ്മാനമായി ജീവനക്കാർക്ക് കാറും ബൈക്കും നൽകിയത്.
ജീവനക്കാർക്കും സഹപ്രവർത്തകർക്കും എട്ട് കാറുകളും 18 ബൈക്കുകളുമാണ് ഇദ്ദേഹം സമ്മാനമായി നൽകിയത്. സമ്മാനം കണ്ട് ചിലർ അമ്പരന്നപ്പോൾ മറ്റു ചിലർ സന്തോഷത്തിൽ ആറാടി. 'ഇത് അവരുടെ ജോലിയെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ജീവിതത്തിൽ എന്തെങ്കിലും പ്രത്യേകതകൾ കൂട്ടിച്ചേർക്കുന്നതിനുമാണ്. എന്റെ ബിസിനസിലെ എല്ലാ ഉയർച്ച താഴ്ചകളിലും അവർ എന്നോടൊപ്പം പ്രവർത്തിക്കുകയും ലാഭം നേടാൻ എന്നെ സഹായിക്കുകയും ചെയ്തു,' സമ്മാനങ്ങൾ പ്രഖ്യാപിച്ചു കൊണ്ട് ജ്വല്ലറി ഉടമ പറഞ്ഞു.



## ഗവർണർ നിയമം ദുരുപയോഗം ചെയ്താൽ നിയമഭേദഗതി; എതിർത്താൽ കോടതിയെ സമീപിക്കും- കാനം രാജേന്ദ്രൻ

തിരുവനന്തപുരം: സർവകലാശാല നിയമം ഗവർണർ ദുരുപയോഗം ചെയ്യുകയാണെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. ദുരുപയോഗം തുടർന്നാൽ നിയമഭേദഗതി ആലോചിക്കും. ഗവർണർ എതിർത്താൽ കോടതിയെ സമീപിക്കുമെന്നും കാനം രാജേന്ദ്രൻ പറഞ്ഞു.
ഗവർണറുടെ നിർദേശപ്രകാരം വിളിച്ച സെനറ്റ് യോഗത്തിൽ പങ്കെടുക്കാത്ത 15 അംഗങ്ങളെ അയോഗ്യരാക്കിയിരുന്നു. ചാൻസലർ കൂടിയായ ഗവർണർതന്നെ നാമനിർദേശംചെയ്ത 15 പേർക്കാണ് സെനറ്റംഗത്വം നഷ്ടമായത്. ശനിയാഴ്ചമുതൽ ഇവർ അയോഗ്യരാണെന്നു കാണിച്ച് വൈസ് ചാൻസലർക്ക് ഗവർണർ കത്തുനൽകിയിരുന്നു. ഇതിന് പിന്നാലെയാണ് ഗവർണർക്കെതിരെ സിപിഐ രംഗത്തെത്തിയത്.



## വീട്ടിൽ പേരക്കുട്ടികളെ നോക്കണം, തന്റെ മണ്ഡലമായ മഥുരയിലേക്ക് തിരക്കിട്ട് പോകാൻ കഴിയില്ലെന്ന് ബി ജെ പി എം പി ഹേമമാലിനി

മുംബയ് : വീട്ടിൽ പേരക്കുട്ടികളെ നോക്കേണ്ടതുള്ളതിനാൽ താൻ പ്രതിനിധീകരിക്കുന്ന മഥുര മണ്ഡലത്തിലേക്ക് എപ്പോഴും തിരക്കിട്ട് പോകാൻ തനിക്ക് കഴിയില്ലെന്ന് ഹേമമാലിനി.
ബോളിവുഡ് നടിയും ബി ജെ പി നേതാവുമായ ഹേമമാലിനിയാണ് 2014 മുതൽ യു പിയിലെ മഥുരയുടെ എം പി. ഒരു ദേശീയ മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് രാഷ്ട്രീയക്കാരിയായും അഭിനേതാവായും അമ്മയായും മുത്തശ്ശിയായും താൻ എങ്ങനെയാണ് വ്യക്തിജീവിതത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് ഹേമമാലിനി വിശദീകരിച്ചത്.
തന്റെ മണ്ഡലമായ മഥുര സന്ദർശിക്കാൻ ആവശ്യപ്പെട്ടാൽ 'അവിടെ തിരക്കിട്ട് പോകാൻ' തനിക്ക് കഴിയില്ലെന്ന് ഹേമ മാലിനി പറയുന്നു. ജീവിതത്തിൽ തന്റെ 'മറ്റു കടമകൾ' ഓർമ്മിപ്പിക്കേണ്ടതുണ്ടെന്നും അവർ കൂട്ടിച്ചേർത്തു. ചില സമയങ്ങളിൽ കൊച്ചുമക്കളെ നോക്കേണ്ടി വരുമെന്നും അതിനാൽ തന്റെ മണ്ഡലം സന്ദർശിക്കാൻ കഴിയില്ലെന്നും ഹേമ കൂട്ടിച്ചേർത്തു. 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ മഥുരയിൽ ജയന്ത് ചൗധരിയെ (ആർഎൽഡി) തോൽപ്പിച്ചാണ് ഹേമ പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് 2019ലെ തിരഞ്ഞെടുപ്പിലും സീറ്റ് നിലനിർത്താൻ ഹേമയ്ക്കായി. മുംബയിൽ സ്ഥിര താമസമാക്കിയ മുൻ ബോളീവുഡ് സുന്ദരി പലപ്പോഴും തന്റെ മണ്ഡലത്തിൽ സന്ദർശനത്തിന് എത്താറുണ്ട്. മഥുരയിൽ എം പക്ക് ഒരു നൃത്ത വിദ്യാലയവും ഉണ്ട്. 1980ലാണ് ഹേമമാലിനി ധർമ്മേന്ദ്രയുമായി വിവാഹ ജീവിതം ആരംഭിക്കുന്നത്.



## പ്രദേശംനോക്കി ജനങ്ങളെ വിലയിരുത്തരുത്, വിഭജനമുണ്ടാക്കാനല്ല നേതാക്കൾ ശ്രമിക്കേണ്ടത്- എംവി ഗോവിന്ദൻ

**കോട്ടയം:** കേരളത്തിന്റെ തെക്ക്-വടക്ക് പ്രദേശങ്ങളെ താരതമ്യം ചെയ്ത് കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ നടത്തിയ വിവാദ പ്രസ്താവനയെ വിമർശിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. ഏതു പ്രദേശത്തുള്ള ആളാണ് എന്നു നോക്കിയല്ല ജനങ്ങളെ വിലയിരുത്തേണ്ടതെന്നും കേരളത്തെ വിവിധ ഭാഗങ്ങളാക്കി വേർതിരിക്കാനല്ല, ഐക്യം രൂപപ്പെടുത്താനാണ് രാഷ്ട്രീയ നേതാക്കൾ ശ്രമിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു.
ഏതു പ്രദേശത്തുള്ള ആളാണ് എന്ന് നോക്കിയിട്ടല്ല ആളുകളെയും ജനങ്ങളെയും വിലയിരുത്തേണ്ടത്. മലയാളികളുടെ നാടാണ് കേരളമായിത്തീർന്നത് എന്നാണല്ലോ വിശകലനം ചെയ്യപ്പെട്ടിട്ടുള്ളത്. കേരളത്തെ രണ്ടോ മൂന്നോ ഭാഗങ്ങളാക്കി വേർതിരിക്കാനല്ല നമ്മൾ ശ്രമിക്കേണ്ടത്. ഐക്യം രൂപപ്പെടുത്താനാണ് യഥാർഥത്തിൽ ഏത് രാഷ്ട്രീയ പാർട്ടിയും നേതൃത്വവും ശ്രമിക്കേണ്ടത്, എം. ഗോവിന്ദൻ വ്യക്തമാക്കി.

# കുട്ടികൾക്കിടയിലെ രോഗവ്യാപനം; ആശങ്ക വേണ്ട, അപായ സൂചനകൾ അവഗണിക്കരുതെന്ന് മന്ത്രി



കുട്ടികൾക്കിടയിൽ പനി ഉൾപ്പെടെയുള്ള രോഗങ്ങൾ വ്യാപകമാവുകയാണ്. ജലദോഷം, കഫക്കെട്ട്, പനി, ബ്രോങ്കൈറ്റിസ്, ന്യൂമോണിയ തുടങ്ങിയ അസുഖങ്ങൾ മുമ്പെങ്ങുമില്ലാത്ത വിധത്തിൽ കൂടിയിരിക്കുകയാണ്. . ഈ മാസം ഇതുവരെ 1,22,019 പേരാണ് സംസ്ഥാനത്തെ സർക്കാർ ആശുപത്രിയിൽ പനിയെത്തുടർന്ന് ചികിത്സതേടിയത്. ഇതിൽ പകുതിയിലധികം കുട്ടികളാണ്. കോവിഡ്കാലത്ത് കുട്ടികൾ വീടിനുള്ളിൽത്തന്നെയായിരുന്നപ്പോൾ രോഗപ്രതിരോധശേഷിയിൽവന്ന കുറവാണ് വൈറസ് അസുഖങ്ങൾ കൂടാനുള്ള കാരണം. ഈ സാഹചര്യത്തിൽ ആശങ്ക വേണ്ടെങ്കിലും ശ്രദ്ധ കൈവിടരുതെന്ന് വ്യക്തമാക്കുകയാണ് ആരോഗ്യമന്ത്രി വീണ ജോർജ്.
പനി, ജലദോഷം, ചുമ തുടങ്ങിയവ ബാധിച്ച കുട്ടികൾക്ക് വീണ്ടും അവ വരുന്നതിൽ ആശങ്ക വേണ്ടെന്നും എങ്കിലും കുട്ടികളായതിനാൽ ശ്രദ്ധ വേണമെന്നും മന്ത്രി പറയുന്നു. നിരീക്ഷണം ശക്തമാക്കാൻ ആരോഗ്യ വകുപ്പ് ജില്ലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ട്രെൻഡ് നിരന്തരം വിലയിരുത്തി വരികയാണ്. ഐ.എൽ.ഐ., എസ്.എ.ആർ.ഐ. എന്നിവയുടെ പര്യവേഷണം മുഖേന ഇത് നിരീക്ഷിച്ചു വരുന്നുണ്ടെന്നും ഏതെങ്കിലും ജില്ലയിലോ പ്രദേശത്തോ രോഗത്തിന്റെ വർധനവുണ്ടായാൽ റിപ്പോർട്ട് ചെയ്യാനും പ്രതിരോധം ശക്തമാക്കാനും നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂളുകൾ വഴി അവബോധം നൽകാനും ലക്ഷ്യമിടുന്നുണ്ട്.
കുട്ടികൾക്കുണ്ടാകേണ്ട പ്രതിരോധ ശേഷിയിൽ കോവിഡ് കാലത്ത് ഏറ്റക്കുറച്ചിലുകളുണ്ടാകാൻ സാധ്യതയുണ്ട്. ഇമ്മ്യൂണിറ്റി ഡെബ്റ്റ് എന്നാണ് ഇതിനെ അറിയപ്പെടുന്നത്. ആഗോളതലത്തിൽ തന്നെ ഈയൊരു ഇമ്മ്യൂണിറ്റി ഡെബ്റ്റ് കാണപ്പെടുന്നുണ്ട്. കുട്ടികളിൽ വൈറസ് മൂലമുള്ള ശ്വാസകോശ രോഗങ്ങളുടെ വർധന ലോകത്തെമ്പാടും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുതന്നെയാണ് ഇവിടെയുമുണ്ടായത്. ശ്വാസകോശ അണുബാധ ശരിയായ വിധത്തിൽ ചികിത്സിച്ചില്ലെങ്കിൽ കുട്ടികൾക്ക് ന്യൂമോണിയ ഉണ്ടാകാനുള്ള സാധ്യതയുമുണ്ട്. അതിനാൽ അപായ സൂചനകൾ കണ്ടാൽ എത്രയും വേഗം ചികിത്സ തേടേണ്ടതാണ്- മന്ത്രി വ്യക്തമാക്കി.
ഔദ്യോഗിക ഫേസ്ബുക് പേജിലൂടെ ഇതുസംബന്ധിച്ച കുറിപ്പും മന്ത്രി പങ്കുവെച്ചിട്ടുണ്ട്.

അപായ സൂചനകൾ

ശ്വാസംമുട്ടൽ, കഫത്തിൽ രക്തം, അസാധാരണ മയക്കം, തളർച്ച, നാക്കിലോ ചുണ്ടിലോ നഖത്തിലോ നീലനിറം, ശക്തിയായ പനി, അതിയായ തണുപ്പ്, ജെന്നി, ക്രമത്തിൽ കൂടുതൽ വേഗതയിലുള്ള ശ്വാസമെടുപ്പ് എന്നീ അപായ സൂചനകൾ കണ്ടാൽ ഉടൻതന്നെ കുട്ടിയ്ക്ക് ചികിത്സ ഉറപ്പാക്കേണ്ടതാണ്.

ശ്വാസമെടുപ്പ് ശ്രദ്ധിക്കണം

ശ്വാസമെടുപ്പിലൂടെയും അപായ സൂചന കണ്ടെത്താം. രണ്ട് മാസത്തിന് താഴെയുള്ള കുട്ടികൾക്ക് 60ന് മുകളിലും, 2 മാസം മുതൽ 1 വയസുവരെ 50ന് മുകളിലും 1 വയസുമുതൽ 5 വയസുവരെ 40ന് മുകളിലും 5 വയസുമുതലുള്ള കുട്ടികൾ 30ന് മുകളിലും ഒരു മിനിറ്റിൽ ശ്വാസമെടുക്കുന്നതു കണ്ടാൽ ഡോക്ടറെ കാണിക്കേണ്ടതാണ്. കുട്ടി ഉറങ്ങുമ്പോഴോ, സ്വസ്ഥമായി ഇരിക്കുമ്പോഴോ ആണ് ഇതു നോക്കേണ്ടത്.

കുട്ടികൾ ശ്രദ്ധിക്കേണ്ടത്

- മാസ്ക് കൃത്യമായി ധരിക്കണം
- ചുമ, തുമ്മൽ ഉണ്ടെങ്കിൽ തൂവാല ഉപയോഗിക്കണം
- കൈ കഴുകുന്നത് ശീലമാക്കണം

രക്ഷിതാക്കൾ അറിയേണ്ടത്

- രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ കുട്ടികളെ സ്കൂളിൽ വിടരുത്
- കുട്ടികൾക്ക് ഇഷ്ടമുള്ള പോഷകാഹാരം, പാനീയം എന്നിവ നൽകണം
- തണുത്ത ആഹാരമോ പാനീയമോ നൽകരുത്
- ആഹാരം അളവ് കുറച്ച് കൂടുതൽ തവണ നൽകുക
- പോഷണഗുണമുള്ള ചൂടുപാനീയങ്ങൾ നൽകണം (ഉദാ: ചൂട് കഞ്ഞിവെള്ളത്തിൽ ചെറുനാരങ്ങ, ഉപ്പ് എന്നിവ ചേർത്ത് നൽകാം)
- പപ്പായ, മാങ്ങ തുടങ്ങി ലഭ്യമായ പഴങ്ങൾ നൽകണം
- രോഗലക്ഷണങ്ങൾ നിരീക്ഷിക്കണം
- അപായ സൂചനകൾ കണ്ടാൽ ഡോക്ടറെ കാണണം
- കൃത്യമായി മരുന്ന് നൽകണം



# മൂത്തകുന്നത്ത് വീട്ടിൽനിന്ന് വ്യാജ വിദേശമദ്യ ശേഖരം പിടികൂടി

**പറവൂർ:** അനധികൃതമായി നിർമിച്ച വിദേശമദ്യ ശേഖരം എക്സൈസ് സംഘം പിടികൂടി. മൂത്തകുന്നം തറയിൽ കവലയിലെ ഒരു വീട്ടിൽനിന്നാണ് സർക്കാറിൻറെ വ്യാജമുദ്ര പതിപ്പിച്ച വൻ വിദേശമദ്യ ശേഖരം പിടികൂടിയത്.500 കുപ്പികളിലായി രണ്ട് പ്രമുഖ ബ്രാൻഡുകളുടെ പേരിലുള്ള 250 ലിറ്റർ കന്നാസുകൾ, പ്ലാസ്റ്റിക് ഡ്രമ്മുകൾ, മദ്യം കുപ്പിയിലാക്കി സീൽ ചെയ്യാൻ ഉപയോഗിച്ചിരുന്ന രണ്ട് യന്ത്രങ്ങൾ, കുപ്പിയിൽ പതിപ്പിക്കുന്ന ലേബലുകൾ, അടപ്പുകൾ, മദ്യം നിർമിക്കാൻ ഉപയോഗിക്കുന്ന എസൻസുകൾ, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവയാണ് പിടിച്ചെടുത്തത്. യഥാർഥ മദ്യക്കുപ്പിയിലെ ലേബൽ പോലെ തന്നെ പ്രിന്റ് ചെയ്ത രണ്ടായിരത്തോളം ലേബലുകൾ ഉണ്ടായിരുന്നു. കുപ്പിയുടെ അടപ്പിനു മുകളിലെ ഹോളോഗ്രാം സ്റ്റിക്കർ ഉൾപ്പെടെ ഒറിജിനലിനെ വെല്ലുന്ന തരത്തിലാണ് നിർമിച്ചിരുന്നത്. ഒരു വർഷം മുമ്പ് വീടു വാടകക്കെടുത്താണ് നിർമാണവും വിൽപനയും ആരംഭിച്ചത്. ഇരുനില വീടിൻറെ താഴെയുള്ള മുറികളിലായിരുന്നു നിർമാണം. സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് മേധാവിയായ അസിസ്റ്റന്റ് എക്സൈസ് കമീഷണർ ടി. അനികുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്. വാവക്കാട് സ്വദേശി ജിന്റോയാണ് വീട് വാടകക്ക് എടുത്തതെന്ന് എക്സൈസ് പറഞ്ഞു. ഇയാളെ പിടികൂടിയിട്ടില്ല. എന്നാൽ, ഇയാളുടെ കുടുംബം ഇവിടെയല്ല താമസിക്കുന്നത്. ഒന്നര മാസമായി എക്സൈസ് സംഘത്തിന്റെ നിരീക്ഷണത്തിലായിരുന്നു വീടും പരിസരവും. വീട്ടിൽ രാത്രിയിൽ വെളിച്ചം കാണാറുണ്ടായിരുന്നെന്നും ചില വാഹനങ്ങൾ വന്നുപോകാറുണ്ടായിരുന്നെന്നും നാട്ടുകാർ പറഞ്ഞു. സിനിമ ഷൂട്ടിങ്ങുമായി ബന്ധപ്പെട്ടവരാണെന്നാണ് നാട്ടുകാരോട് ഈ വീട്ടിലുണ്ടായിരുന്നവർ പറഞ്ഞിരുന്നത്.

# ആഫ്രിക്കൻ പന്നിപ്പനി: ഉറവിടം തേടി അധികൃതർ



**തൃശൂർ**: ചേർപ്പിലും കരുവന്നൂരിലും ഫാമിലെ പന്നികൾക്ക് ആഫ്രിക്കൻ പന്നിപ്പനി പടരാനിടയായത് എവിടെ നിന്നെന്ന് അന്വേഷിച്ച് മൃഗസംരക്ഷണ വകുപ്പ്. വയനാട് മാനന്തവാടിയിലെ പന്നി ഫാമിലാണ് കഴിഞ്ഞ ജൂലൈയിൽ സംസ്ഥാനത്ത് ആദ്യമായി രോഗം കണ്ടെത്തിയത്.മൂന്നുമാസത്തിനകം ചേർപ്പിലുമെത്തി. മിസോറം, മണിപ്പൂർ, നാഗാലാൻഡ് എന്നിവിടങ്ങളിൽ ആഫ്രിക്കൻ പന്നിപ്പനിയെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ടുവർഷത്തിനിടെ അസമിൽ 40,159 പന്നികൾ രോഗം ബാധിച്ച് ചത്തു. സംസ്ഥാനത്ത് കോഴിക്കോടും വയനാടും തൃശൂരിലുമായി ആയിരക്കണക്കിന് പന്നികളെ കൂട്ടത്തോടെ കൊന്നൊടുക്കി. കരുവന്നൂരിൽ പന്നികൾക്ക് രോഗം സ്ഥിരീകരിച്ചതിന് പിന്നാലെ ജില്ലയിൽ 10 കേന്ദ്രങ്ങൾ നിരീക്ഷണ പരിധിയിലുൾപ്പെടുത്തി. കോഴിക്കോടും മലപ്പുറവും നിരീക്ഷണ പരിധിയിലുണ്ട്.എങ്ങനെയാണ് ആഫ്രിക്കൻ പന്നിപ്പനി കരുവന്നൂരിലെ ഫാമിലെത്തിയതെന്ന് വ്യക്തമായിട്ടില്ല. സംസ്ഥാനത്ത് വൻതോതിൽ പന്നികളെ കൊണ്ടുവരുകയും വളർത്തുകയും കൊണ്ടുപോവുകയും പന്നി മാംസം വിനിയോഗിക്കുകയും ചെയ്യുന്ന അങ്കമാലി മേഖലയിലാവട്ടെ ഈ ആശങ്കയില്ലെന്നതാണ് മൃഗസംരക്ഷണ വകുപ്പിനെയും ആരോഗ്യ വകുപ്പിനെയും ആശയക്കുഴപ്പത്തിലാക്കുന്നത്.കരുവന്നൂരിലെ ഒരു ഫാമിലെ മാത്രം ഇരുന്നൂറിലധികം പന്നികളെയാണ് കഴിഞ്ഞദിവസം കൂട്ടത്തോടെ കൊന്നൊടുക്കിയത്. നിരീക്ഷണത്തിലുള്ള മറ്റ് ഫാമുകളിലെ പന്നികളുടെ സാമ്പിൾ അടുത്തദിവസങ്ങളിൽ പരിശോധിക്കും.ഇതര സംസ്ഥാനങ്ങളിൽനിന്ന് പന്നിയോ പന്നിയിറച്ചിയോ കൊണ്ടുവരാൻ പാടില്ലെന്ന നിർദേശമുണ്ടായിരിക്കെയാണ് കേരളത്തിൽ പന്നിപ്പനി സ്ഥിരീകരിക്കുന്നത്. വൈറസുകൾ വഴിയാണ് രോഗബാധയേൽക്കുന്നത്.മനുഷ്യനിലേക്ക് പടരുന്ന വൈറസ് അല്ല എന്നതാണ് ആശ്വാസം. ഫലപ്രദമായ ചികിത്സയോ വാക്സിനോ നിലവിലില്ല. രോഗം ബാധിച്ചാൽ കൊന്നൊടുക്കുകയേ നിവൃത്തിയുള്ളൂ. തെക്കുകിഴക്കൻ ഏഷ്യയിൽ പന്നിവളർത്തൽ മേഖലയെ പിടിച്ചുലച്ച ആഫ്രിക്കൻ പന്നിപ്പനി തൃശൂരിലെത്തിയത് ഉത്തരേന്ത്യയിൽ നിന്നാകാമെന്ന് നിഗമനത്തിലാണ് ആരോഗ്യവകുപ്പും മൃഗസംരക്ഷണ വകുപ്പും.




# വീട്ടിൽ പ്രസവിച്ച യുവതിക്ക് രക്ഷയായി 108 ആംബുലൻസ്

**തൃശൂർ:** വീട്ടിൽ പ്രസവിച്ച യുവതിക്കും നവജാത ശിശുവിനും രക്ഷകരായി 'കനിവ് 108' ആംബുലൻസ് ജീവനക്കാർ. കുരിയച്ചിറ സ്വദേശിയായ 32കാരിയാണ് ശനിയാഴ്ച പുലർച്ച ഒന്നോടെ വീട്ടിൽ ആൺകുഞ്ഞിന് ജന്മം നൽകിയത്.പ്രസവവേദന അനുഭവപ്പെട്ട് വീട്ടുകാർ ആശുപത്രിയിലേക്ക് മാറ്റാൻ ശ്രമിക്കുന്നതിനിടെ പ്രസവിച്ചു. തുടർന്ന് വീട്ടുകാർ 108 ആംബുലൻസിൻറെ സേവനം തേടി. കൺട്രോൾ റൂമിൽനിന്ന് അത്യാഹിത സന്ദേശം ജില്ല ആശുപത്രിയിലെ 108 ആംബുലൻസിന് കൈമാറി.പൈലറ്റ് ജിസ് പോൾ, എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ പി.എം. വിഷ്ണു എന്നിവർ ഉടൻ സ്ഥലത്തെത്തി. വിഷ്ണു അമ്മയും കുഞ്ഞുമായുള്ള പൊക്കിൾക്കൊടി ബന്ധം വേർപെടുത്തി ഇരുവർക്കും പ്രഥമ ശുശ്രൂഷ നൽകിയ ശേഷം ആംബുലൻസിലേക്ക് മാറ്റി. തുടർന്ന് തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. അമ്മക്കും കുഞ്ഞിനും സുഖമാണെന്ന് ബന്ധുക്കൾ അറിയിച്ചു.



# മുൻകൂർ പണമടച്ച ഗ്യാസിന് ഇനി കൂടിയ വില ഈടാക്കരുത്

**തൃശൂർ:** ഓൺലൈനിൽ മുൻകൂർ പണമടച്ച് ബുക്ക് ചെയ്ത പാചക വാതക സിലിണ്ടർ വിതരണം ചെയ്യുന്നതിന് മുമ്പ് വില കൂടിയാലും ഉപഭോക്താവിൽനിന്ന് അധിക തുക ഈടാക്കരുതെന്ന് ജില്ല എൽ.പി.ജി ഓപൺ ഫോറം. വർഷങ്ങളായി തുടരുന്ന ചൂഷണം സംബന്ധിച്ച് ജില്ല ഉപഭോക്തൃ സമിതി പ്രസിഡൻറ് ജെയിംസ് മുട്ടിക്കൽ നൽകിയ പരാതി പരിഗണിച്ചാണ് നടപടി.ഓൺലൈനിൽ തുക അടച്ച് ഗ്യാസ് ബുക്ക് ചെയ്യുമ്പോൾ ബിൽ ഓൺലൈനായി ലഭിക്കാൻ സംവിധാനമുണ്ട്. ഇത്തരത്തിൽ മുഴുവൻ തുകയും കൊടുത്താലും ഏജൻസികൾ നാലോ അഞ്ചോ ദിവസം കഴിഞ്ഞാണ് സിലിണ്ടർ എത്തിക്കുന്നത്.ഇതിനിടയിൽ വില കൂടിയാൽ ബിൽ റദ്ദാക്കി കൂടിയ തുക ഉപഭോക്താവിൽനിന്ന് ഈടാക്കുകയാണ് ഏജൻസികൾ ചെയ്യുന്നത്. ഇത് സാമാന്യ നീതിക്ക് നിരക്കാത്തതാണെന്നും അവസാനിപ്പിക്കണമെന്നും ജെയിംസ് മുട്ടിൽ യോഗത്തിൽ ആവശ്യപ്പെട്ടു.എന്നാൽ, ഗ്യാസിന് വില കൂടിയാൽ കൂട്ടി വാങ്ങുന്നത് പോലെ കുറഞ്ഞാൽ കുറച്ച് കൊടുക്കുമെന്നും തൃശൂരിലെ പെട്രോളിയം കമ്പനി പ്രതിനിധി മറുപടി നൽകി. എന്നാൽ, കഴിഞ്ഞ ഒരു വർഷം എട്ട് തവണ ഗാർഹിക സിലിണ്ടറിന് വില കൂടിയപ്പോൾ കുറഞ്ഞത് ഒരു തവണ മാത്രമാണെന്നും 10 രൂപ കുറച്ചപ്പോൾ ആകെ കൂടിയത് 300 രൂപയാണെന്നും ജെയിംസ് മുട്ടിൽ പറഞ്ഞു.



# ഗുരുവായൂരിലെ വികസനങ്ങൾ വീണ്ടും ദേശീയ ശ്രദ്ധയിലേക്ക്

**ഗുരുവായൂർ:** കേന്ദ്ര നഗരകാര്യ മന്ത്രാലയം ഒക്ടോബർ 19, 20, 21 തീയതികളിൽ രാജ്കോട്ടിൽ സംഘടിപ്പിക്കുന്ന പ്രദർശനത്തിൽ ഗുരുവായൂരിൽ അമൃത് പദ്ധതിയിൽ നടപ്പാക്കിയ വികസനങ്ങളുടെ ചെറുമാതൃക പ്രദർശിപ്പിക്കും. കേരളത്തിൽനിന്ന് പ്രദർശനത്തിലേക്ക് ക്ഷണം ലഭിച്ച ഏക മുനിസിപ്പാലിറ്റി ഗുരുവായൂരാണ്.കൊച്ചി കോർപറേഷനും ക്ഷണം ലഭിച്ചു. നഗരത്തിലെ ഇന്നർ റിങ് റോഡിലും മഞ്ജുളാൽ റോഡിലുമായി രണ്ട് കിലോമീറ്റർ നടപ്പാത ഗ്രാനൈറ്റ് വിരിച്ച് സ്റ്റെയിൻലെസ് സ്റ്റീൽ ഹാൻഡ് റെയിൽ എന്നിവ ഘടിപ്പിച്ചിട്ടുണ്ട്.ഇതിനുപുറമെ 12 കിലോമീറ്റർ ഡ്രെയിനേജ് നെറ്റ്‍വർക്കും 30 കൽവർട്ടും 8490 മീറ്റർ ദൂരം ടൈൽ വിരിച്ച കൽവർട്ടുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഇവയുടെ ചെറുമാതൃകയാണ് രാജ്കോട്ടിൽ പ്രദർശിപ്പിക്കുക. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് പ്രവൃത്തി നിർവഹിച്ചത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പ്രദർശനം ഉദ്ഘാടനം ചെയ്യുന്നത്. കേന്ദ്ര മന്ത്രാലയത്തിൽ നിന്ന് അമൃത് മിഷൻ ഡയറക്ടർ ആയ അരുൺ കെ. വിജയനാണ് അറിയിപ്പ് വന്നത്.നേരത്തേ 2021 ഒക്ടോബറിൽ ലഖ്നോവിൽ നടന്ന പ്രദർശനത്തിലും ഗുരുവായൂരിനെ തിരഞ്ഞെടുത്തിരുന്നു. ശുചിത്വ ബോധവത്കരണ പ്രവർത്തന മികവിന് ദേശീയതലത്തിൽ തിരഞ്ഞെടുത്ത 10 നഗരങ്ങളിലൊന്ന് ഗുരുവായൂരായിരുന്നു.ഗുരുവായൂരിലെ വികസന പ്രവൃത്തികൾ ദേശീയ ശ്രദ്ധയാകർഷിക്കുന്നുവെന്നതിന്റെ അംഗീകാരമാണ് രാജ്കോട്ടിലേക്കുള്ള ക്ഷണമെന്ന് നഗരസഭാധ്യക്ഷൻ എം. കൃഷ്ണദാസ് പറഞ്ഞു.



# ഒടുവിൽ കണ്ടെത്തി; പോസ്റ്ററുകൾ കീറുന്ന 'വില്ലനെ'

**ചാലക്കുടി:** മേലൂരിൽ ചുവരിൽ പതിക്കുന്ന പോസ്റ്ററുകൾ കീറുന്ന 'വില്ലനെ' കണ്ടെത്തി. ദിവസങ്ങളോളം നടത്തിയ അന്വേഷണത്തിലാണ് ആഫ്രിക്കൻ ഒച്ചുകളാണ് പോസ്റ്റർ വിരോധിയെന്ന് തിരിച്ചറിഞ്ഞത്.പോസ്റ്റർ കീറുന്നതും കൊടിമരങ്ങൾ നശിപ്പിക്കുന്നതും അടക്കമുള്ള പ്രശ്നങ്ങളുടെ പേരിൽ രാഷ്ട്രീയ അസ്വസ്ഥത നിലനിൽക്കുന്ന പ്രദേശമാണ് പൂലാനി. ഇവിടെ കുറച്ചുനാളായി രാഷ്ട്രീയ പാർട്ടികളുടെ പോസ്റ്ററുകൾ കീറുന്നത് ആരോപണങ്ങൾക്ക് ഇടയാക്കിയിരുന്നു. രാത്രി ഒട്ടിച്ച് രാവിലെ നോക്കുമ്പോൾ പല ഭാഗങ്ങളും കീറിയ നിലയിലായിരിക്കും.പരസ്പരം സംശയിച്ചതല്ലാതെ തെളിവില്ലാത്തതിനാൽ ആർക്കും ഒന്നും പറയാൻ ഉണ്ടായിരുന്നില്ല. കഴിഞ്ഞ ദിവസം പ്രഭാത നടത്തത്തിന് ഇറങ്ങിയയാളാണ് പോസ്റ്ററിൻറെ ശത്രുവിനെ കണ്ടത്. പോസ്റ്റർ പതിക്കാൻ ഉപയോഗിക്കുന്ന മൈദ മാവാണ് ഒച്ചുകളെ ആകർഷിക്കുന്നത്. യഥാർഥ 'പ്രതിയെ' തിരിച്ചറിഞ്ഞതിൻറെ ആശ്വാസം ഇന്നാട്ടുകാർക്ക് കുറച്ചൊന്നുമല്ല.




# പൂട്ടു തുറക്കാതെ സർക്കാർ മില്ല്; നെല്ല് കർഷകർ ദുരിതത്തിൽ

**ആലത്തൂർ:** നെല്ലറയുടെ നാട്ടിൽ സർക്കാറിൻറെ അരി മില്ല് വാഴുന്നില്ല. ഒന്നാം വിള കൊയ്ത്ത് തുടങ്ങി ഏറെയായിട്ടും താങ്ങുവില നെല്ലെടുപ്പ് തുടങ്ങിയിട്ടില്ല. സംഭരണത്തിന് സ്വകാര്യ മില്ലുകാരുമായി ധാരണയാവാത്തതാണ് വെല്ലുവിളിയാകുന്നത്. 10 വർഷം മുമ്പ് ഉദ്ഘാടനം ചെയ്ത ആലത്തൂരിലെ സർക്കാർ ഉടമസ്ഥതയിലുള്ള മില്ല് ഇടക്ക് പ്രവർത്തനം നിലച്ചെങ്കിലും വീണ്ടും പ്രതിസന്ധിയിലായി. സംസ്ഥാന സർക്കാറിന്റെ ആദ്യത്തെ ആധുനിക അരി മില്ലാണ് ആലത്തൂരിലേത്.പ്രവർത്തന ഫണ്ട് സർക്കാർ അനുവദിക്കാത്തതിനെ തുടർന്നാണ് മില്ല് നിശ്ചലമായതെന്ന് ജീവനക്കാർ പറയുന്നു. സംസ്ഥാന വെയർ ഹൗസിങ് കോർപറേഷന്റെ കീഴിലായിരുന്ന മില്ല് പുനഃപ്രവർത്തനത്തിനായി ഓയിൽപാം ഇന്ത്യ ലിമിറ്റഡിനെ ഏൽപ്പിക്കുകയായിരുന്നു.2008ൽ ഉദ്ഘാടനം ചെയ്ത മില്ല് ഏതാനും മാസങ്ങൾക്കകം പണിമുടക്കിയതോടെ പല ചർച്ചകൾക്കുശേഷം 2018 നവംബർ 18നാണ് വീണ്ടും തുറന്നത്. ഉദ്ഘാടനം ചെയ്ത അന്നത്തെ കൃഷിമന്ത്രി വി എസ്. സുനിൽകുമാർ പറഞ്ഞത് ഇനിയൊരിക്കലും മില്ല് പൂട്ടില്ലെന്നാണ്. എന്നാൽ മില്ലിനായി ഓയിൽ പാം ഇന്ത്യ ആലത്തൂർ മാർക്കറ്റിങ് സൊസൈറ്റി മുഖേന കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന് സർക്കാർ പണം അനുവദിക്കാത്തതിനെ തുടർന്നാണ് വീണ്ടും മില്ലിന് താഴുവീണത്.ഒരു ദിവസം രണ്ട് ഷിഫ്റ്റുകളിലായി 40 ടൺ നെല്ല് പുഴുങ്ങി ഉണക്കി അരിയാക്കാനുള്ള ശേഷിയും സംവിധാനവും ഇവിടെയുണ്ട്. നെല്ല് പുഴുങ്ങി അരിയാക്കി നൽകുന്നതിന് ഇപ്പോൾ സ്വകാര്യ മില്ലുകാർക്ക് നൽകുന്ന തുക സർക്കാർ മില്ലിന് നൽകിയാൽ മതിയെന്നിരിക്കെ അങ്ങിനെയൊരു ചർച്ചയോ തീരുമാനമോ എവിടെ നിന്നും വരുന്നില്ലെന്നത് ഖേദകരമാണെന്ന് കർഷകർ പറയുന്നു. കൃഷി വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും ഭരണ മുന്നണിയിലെ പ്രധാന കക്ഷിയുടെ കീഴിലായിട്ടും അനാസ്ഥ തുടരുകയാണെന്ന് കർഷകർ പറയുന്നു.



# കാണുന്നവർക്കെല്ലാം അംഗത്വം കൊടുത്തതിൻെറ ദൂഷ്യഫലം പാർട്ടി അനുവഭിക്കുന്നു– എം.വി. ഗോവിന്ദൻ

**പാലക്കാട്:** കമ്യൂണിസ്റ്റ്–മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെക്കുറിച്ച് ഒരു ധാരണയുമില്ലാത്തവർക്കെല്ലാം അംഗത്വം നൽകിയതിന്റെ ദൂഷ്യഫലം സി.പി.എം അനുവഭിക്കുകയാണെന്ന് സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. പത്തനംതിട്ട ഇലന്തൂർ നരബലിക്കേസിലെ മുഖ്യപ്രതികളിലൊരാളായ ഭഗവൽ സിങ്ങിന്റെ സി.പി.എം ബന്ധം സംബന്ധിച്ചും പാർട്ടി ബ്രാഞ്ച് സെക്രട്ടറിമാരടക്കമുള്ളവർ വിവിധ കേസുകളിലകപ്പെടുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് എം.വി. ഗോവിന്ദന്റെ വിമർശനം.വടക്കഞ്ചേരിയിൽ ഇ.എം.എസ് പഠനകേന്ദ്രം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.മെമ്പർഷിപ്പ് കിട്ടിയെന്നുള്ളത് കൊണ്ട് മാർക്സിസ്റ്റായി എന്ന ധാരണ ആർക്കുംവേണ്ട. അങ്ങനെ അല്ലാത്തതിന്റെ ദൂഷ്യഫലം നമ്മളിപ്പോൾ ഏറ്റുവാങ്ങുന്നുണ്ട്. കാണുന്നവർക്കെല്ലാം അംഗത്വം കൊടുക്കുക, ചിലപ്പോൾ ബ്രാഞ്ച് സെക്രട്ടറിയാക്കുക, ലോക്കൽ കമ്മിറ്റി മെമ്പർ ആകുക എന്നിട്ട് സാമൂഹ്യ ജീവിതത്തിന്റെ അർത്ഥശാസ്ത്രത്തിന്റെ, പ്രത്യയശാസ്ത്രത്തിന്റെ, വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ ഒരംശം പോലും സ്വയംജീവിതത്തിൽ പകർത്താതിരിക്കുക. എന്നിട്ട് ശുദ്ധ അസംബന്ധത്തിലേക്കും അന്ധവിശ്വാസത്തിലേക്കും തെറ്റായ നിലപാടിലേക്കും വഴുതിമാറുക. ശേഷം കമ്മ്യൂണിസ്റ്റാണ്, പാർട്ടി അംഗമാണ് എന്നതിന്റെ പേരുദോഷം നമ്മൾക്കേൾക്കാനിടയാക്കുകയും ചെയ്യുക. ഇതെല്ലാം ഇപ്പോൾ കേട്ടുകൊണ്ടിരിക്കുകയാണ്. ശരിയായ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കണമെന്നും ഗോവിന്ദൻ പറഞ്ഞു. ഏരിയ സെക്രട്ടറി യു.ടി. രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ല സെക്രട്ടറി ഇ.എൻ. സുരേഷ് ബാബു, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സി.കെ. രാജേന്ദ്രൻ, എൻ.എൻ. കൃഷ്ണദാസ് എന്നിവർ യഥാക്രമം ശ്രീധര പണിക്കർ സ്മാരക ഹാൾ, പി.എ. മൊയ്തീൻകുട്ടി സ്മാരക ഹാൾ, സി.ഡി. പീറ്റർ സ്മാരക ലൈബ്രറി എന്നിവ ഉദ്ഘാടനം ചെയ്തു. കെ.എസ്. സലീഖ, പി.കെ. ശശി, പി.എ. ഗോകുൽദാസ്, കെ. ശാന്തകുമാരി എം.എൽ.എ, എൻ.കെ. നാരായണൻകുട്ടി, കെ.സി. റിയാസുദ്ദീൻ, സി.പി. സജി എന്നിവർ സംസാരിച്ചു.



# അച്ഛനമ്മമാർ ട്രാക്കിലിറങ്ങി; കുട്ടികൾക്ക് ആവേശം

**കാളികാവ്:** സ്കൂൾ കായികമേളയിൽ രക്ഷിതാക്കൾക്കും പങ്കെടുക്കാനുള്ള അവസരമൊരുക്കി പാറൽ മമ്പാട്ടുമൂല ഹയർ സെക്കൻഡറി സ്കൂൾ അധികൃതർ.രണ്ടു ദിവസങ്ങളിലായി നടന്നുവരുന്ന കായികമേളയുടെ സമാപന ദിവസമാണ് രക്ഷിതാക്കൾ ഓട്ടം, ചാട്ടം, ഷോട്ട്പുട്ട്, ഡിസ്ക്കസ് തുടങ്ങിയ ഇനങ്ങളിൽ പങ്കെടുത്തത്. നേരത്തേ കലാമേളയിലും രക്ഷിതാക്കൾ പങ്കെടുത്തിരുന്നു. ഇരുപത്തഞ്ചോളം രക്ഷിതാക്കളാണ് കായികമേളയിൽ പങ്കെടുത്തത്.രക്ഷിതാക്കളെ സ്കൂളുമായി കൂടുതൽ അടുപ്പിക്കാനും വിദ്യാർഥികളിൽ ആത്മവിശ്വാസം വളർത്താനുമാണ് ഇത്തരം പരിപാടികളെന്ന് സ്കൂൾ അധികൃതർ പറഞ്ഞു. പഠനകാലത്ത് ജില്ല–സംസ്ഥാനതലങ്ങളിൽ പങ്കെടുത്തവരും രക്ഷിതാക്കളിലുണ്ടായിരുന്നു. മത്സരവിജയികൾക്ക് സമ്മാനങ്ങളും നൽകി. വേറിട്ട മത്സരം കാണാൻ വിദ്യാർഥികളും നാട്ടുകാരും മാനേജ്മെൻറ് പ്രതിനിധികളും എത്തിയിരുന്നു.

# ആശ്വാസമാവേണ്ട മാവേലി സ്റ്റോറുകൾ കാലി; സബ്സിഡി സാധനങ്ങൾ പലയിടത്തും ഇല്ല



**വളാഞ്ചേരി:** അരി ഉൾപ്പെടെയുള്ള സാധനങ്ങൾക്ക് വില വർധിക്കുമ്പോഴും സാധാരണക്കാർക്ക് ആശ്വാസമാവേണ്ട മാവേലി സ്റ്റോറുകൾ പലതും കാലിയായി. സിവിൽ സപ്ലൈസ് കോർപറേഷൻറെ തിരൂർ ഡിപ്പോക്ക് കീഴിലെ പല മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റിലും സബ്സിഡിയിൽ ലഭിക്കുന്ന സാധനങ്ങൾ ലഭ്യമല്ല. പ്രതീക്ഷയോടെ എത്തുന്ന ജനങ്ങൾ വെറുംകൈയോടെ തിരിച്ചുപോവേണ്ട അവസ്ഥയിലാണ്. ഓണത്തിനുശേഷം പയറുവർഗങ്ങൾ, അരി, മല്ലി, മുളക് എന്നിവ കിട്ടാക്കനിയാണ്.പൊതുമാർക്കറ്റിൽ അരിക്ക് കുത്തനെ വില വർധിക്കുകയും മുളകിന് തീപിടിച്ച വിലയും കൂടി ആയതോടെ സാധാരണക്കാരുടെ പോക്കറ്റ് കാലിയാകുന്ന അവസ്ഥയാണ്. ഓണത്തിന് എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി കിറ്റ് വിതരണം ചെയ്തെങ്കിലും ഓരോ മാസവും സപ്ലൈകോയുടെ ഔട്ട് ലെറ്റുകൾ വഴി ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട സബ്സിഡി സാധനങ്ങൾ സമയത്തിന് എത്തിക്കാത്തത് മൂലം നഷ്ടമാവുന്നത് സാധാരണക്കാർക്കാണ്. മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ എത്തിച്ച് വിലക്കയറ്റം പിടിച്ചുനിർത്താനാവശ്യമായ അടിയന്തര നടപടി ഉണ്ടാകണമെന്നാണ് ഉപഭോക്താക്കൾ ആവശ്യപ്പെടുന്നത്.

# ഫുട്ബാൾ ആവേശം ഭീമൻ ബൂട്ട്




**കോഴിക്കോട്:** പ്രമുഖ ബിരിയാണി അരി നിർമാതാക്കളും ജീരകശാല അരിയുടെ കയറ്റുമതിക്കാരുമായ ഐമാക്സ് ഗോൾഡ് റൈസ് ഇൻഡസ്ട്രീസ് നിർമ്മിച്ച ഭീമൻ ഫുട്ബാൾ ബൂട്ട് പ്രദർശനത്തിനൊരുങ്ങി. ആർട്ടിസ്റ്റും ക്യുറേറ്ററുമായ എം. ദിലീഫിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ച ബൂട്ട് ഫിഫ വേൾഡ് കപ്പിനോടനുബന്ധിച്ച് ഖത്തറിൽ പ്രദർശിപ്പിക്കുന്നതിനായി കോഴിക്കോട്ടു നിന്ന് പുറപ്പെടും. യുവജന സംഘടനയായ ഫോക്കസ് ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ ഖത്തറിൽ ബൂട്ട്സ്വീകരിക്കും. ഇതിന് മുന്നോടിയായി കോഴിക്കോട് ബീച്ചിൽ ഞായറാഴ്ച വൈകിട്ട് പ്രദർശന ചടങ്ങ് നടക്കും.കോഴിക്കോട് കടപ്പുറത്തെ കൾച്ചറൽ സ്റ്റേജിൽ വൈകിട്ട് 5 മുതൽ 9 വരെയാണ് പ്രദർശനം. ഡെപ്യൂട്ടി മേയർ മുസഫർ അഹമ്മദും കേരള മുൻ ഫുട്ബാൾ ക്യാപ്റ്റൻ ആസിഫ് സഹീറും സംയുക്തമായി ബൂട്ട് പ്രദർശനോദ്ഘാടനം നിർവഹിക്കും. തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഫോക്കസ് ഇന്റർനാഷണൽ ഇവന്റ്സ് ഡയരക്ടർ അസ്കർ റഹ്മാന് ബൂട്ട് കൈമാറും. ഫുട്ബോൾ താരങ്ങളും രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരിക രംഗത്തെ പ്രമുഖരും പങ്കെടുക്കും.പതിനേഴടി നീളവും ആറടി ഉയരവുമുള്ള ഭീമൻ ബൂട്ട് ഗിന്നസ് ബുക്ക് ഒഫ് റെക്കോഡ്സിൽ ഇടം നേടുമെന്നാണ് കരുതുന്നത്. ലെതർ, ഫൈബർ, റെക്സിൻ, ഫോംഷീറ്റ്, ആക്രിലിക് ഷീറ്റ് എന്നിവകൊണ്ടാണ് ബൂട്ട് നിർമിച്ചത്. ഖത്തറിൽ പ്രധാന വിനോദ സഞ്ചാര മേഖലകളിൽ ബൂട്ട് പ്രദർശിപ്പിക്കും. വാർത്താ സമ്മേളനത്തിൽ ഐമാക്സ് ഗോൾഡ് ചെയർമാൻ സി.പി അബ്ദുൽ വാരിഷ്, സിഇഒ അബ്ദുൽ ബാസിത്, ഇവന്റ് കോ ഓർഡിനേറ്റർ മജീദ് പുളിക്കൽ, മാർക്കറ്റിങ് ഡയരക്റ്റർ ഷമീർ സുറുമ തുടങ്ങിയവർ പങ്കെടുത്തു.





# ശാന്തമല്ല ശാന്തികവാടം; അനധികൃത പണപ്പിരിവിൽ പ്രതിഷേധം

**തിരുവനന്തപുരം:** ശാന്തികവാടം ശ്മശാനത്തിലെത്തുന്ന മൃതശരീരങ്ങൾക്കുപോലും ശാന്തികൊടുക്കാതെ സൊസൈറ്റി ജീവനക്കാരുടെ പിടിച്ചുപറി. മൃതദേഹം സംസ്കരിക്കണമെങ്കിൽ കോർപറേഷൻ നിശ്ചയിച്ച തുകക്കുപുറമെ കൂലിയായി 1300 രൂപ സംസ്കാരത്തിന് മേൽനോട്ടം വഹിക്കുന്ന സൊസൈറ്റി ജീവനക്കാർക്ക് നൽകണമെന്നാണ് ചട്ടം. സി.പി.എമ്മിൻറെ നിയന്ത്രണത്തിൽ തൈക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ട്രാവൻകൂർ ഇലക്ട്രിക്കൽ ആൻഡ് സിവിൽ ലേബർ കോൺട്രാക്ട് കോഓപറേറ്റിവ് സൊസൈറ്റി ജീവനക്കാരുടെ അനധികൃത പിരിവിനെതിരെ കൗൺസിലർമാരും പൊതുജനങ്ങളും നിരവധി പരാതികൾ നൽകിയെങ്കിലും ഭരണാനുകൂല സൊസൈറ്റിക്കെതിരെ ചെറുവിരൽ അനക്കാൻ മേയറടക്കമുള്ളവർക്ക് മടിക്കുന്നു.രണ്ട് ഇലക്ട്രിക്, രണ്ട് ഗ്യാസ്, നാല് വിറക് ചിതകളാണ് ശാന്തികവാടത്തിലുള്ളത്. ഇതിൽ ഇലക്ട്രിക്, ഗ്യാസ് ചിതകളിൽ സംസ്കരിക്കുന്നതിന് 1600 രൂപയും (തിരുവനന്തപുരം കോർപറേഷൻ പരിധിയിലെ ബി.പി.എൽ കുടുംബത്തിന് 850 രൂപ) മിനി ശ്മശാനമായ വിറക് ചിതയിൽ സംസ്കരിക്കുന്നതിന് 1700 രൂപയുമാണ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളത്.എന്നാൽ വിറക് ചിതയിൽ സംസ്കരിക്കുന്നതിന് 1700 രൂപക്കുപുറമെ 1300 രൂപ കൂടി നൽകണമെന്നാണ് സംസ്കാരത്തിന് മേൽനോട്ടം വഹിക്കുന്ന ജീവനക്കാരുടെ നിലപാട്. ഇതിന് രസീതും നൽകില്ല. അനധികൃത പണപ്പിരിവാണെന്ന് ബോധ്യമുണ്ടെങ്കിലും സംസ്കാരം നടക്കേണ്ടതിനാൽ ബി.പി.എൽ കുടുംബങ്ങൾവരെ 3000 രൂപ അടയ്ക്കേണ്ടിവരുന്നു.ശനിയാഴ്ച കഴക്കൂട്ടത്തുനിന്ന് മൃതദേഹവുമായി എത്തിയ ബി.പി.എൽ കുടുംബത്തിൽ നിന്നും ജീവനക്കാർ കൂലിയായി 1300 രൂപ വാങ്ങി. ഇതിനെതിരെ കുടുംബം ഡെപ്യൂട്ടി മേയർക്ക് പരാതി നൽകിയിട്ടുണ്ട്.കോർപറേഷൻ സൊസൈറ്റിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം വിറക് ഉപയോഗിച്ചുള്ള സംസ്കാരത്തിന് കൗൺസിൽ നിശ്ചയിച്ചിട്ടുള്ള തുക മാത്രമേ പൊതുജനങ്ങളിൽ നിന്നും ഇടാക്കാവൂ എന്നാണ് വ്യവസ്ഥ. തുക പ്രദർശിപ്പിച്ചുള്ള ബോർഡുകൾ ശാന്തികവാടത്തിന് മുന്നിൽ പ്രദർശിപ്പിക്കണമെന്നും കരാറിലുണ്ട്.എന്നാൽ സൊസൈറ്റി പലതവണ കരാർ ലംഘിച്ചതായി കണ്ടെത്തിയിട്ടും ഇതിനെതിരെ രേഖാമൂലം പരാതികൾ ലഭിച്ചിട്ടും സൊസൈറ്റിയുടെ പണപ്പിരിവിന് കോർപറേഷനും കൂട്ടുനിൽക്കുകയാണെന്ന് പ്രതിപക്ഷ കൗൺസിലർമാർ ആരോപിക്കുന്നു.നഗരസഭയിലേക്ക് അടയ്ക്കേണ്ട തുക സമയബന്ധിതമായി അടയ്ക്കാതിരുന്നാൽ നോട്ടീസ് നൽകാതെ തന്നെ സൊസൈറ്റിയുടെ കരാർ ഏകപക്ഷീയമായി റദ്ദുചെയ്യാൻ കോർപറേഷന് അധികാരമുണ്ട്.ലേല തുകയുടെ രണ്ടും മൂന്നും ഗഡുകൾ അടയ്ക്കുന്നതിൽ ട്രാവൻകൂർ ഇലക്ട്രിക്കൽ ആൻഡ് സിവിൽ ലേബർ കോൺട്രാക്ട് കോഓപറേറ്റീവ് സൊസൈറ്റി വീഴ്ചവരുത്തിയെന്ന് കോർപറേഷൻറെ റവന്യൂ നോൺ ടാക്സ് വിഭാഗം ജൂണിൽ തന്നെ കണ്ടെത്തി. എന്നാൽ കരാർ റദ്ദാക്കുന്നതിന് പകരം സൊസൈറ്റിയുടെ പകൽകൊള്ളക്ക് ഭരണസമിതി ചൂട്ടുപിടിക്കുകയായിരുന്നു.



# കാണാക്കയത്തിൽ മുങ്ങി ആറ് കോടിയുടെ പട്ടികജാതി ഭവനസമുച്ചയം

**കിളിമാനൂർ:** കേരളത്തിൻറെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ പട്ടികജാതി വിഭാഗം താഴെത്തട്ടിലാണെന്ന അവസ്ഥക്ക് ഇപ്പോഴും മാറ്റമില്ല. അടച്ചുറപ്പില്ലാത്ത ചെറ്റക്കുടിലുകളിൽ കുഞ്ഞുങ്ങളെയും മാറോടടക്കി രാത്രി പുലരുവോളം കാത്തിരിക്കുന്നവരേറെ.കയറിക്കിടക്കാൻ ഒരിടമില്ലാത്തവർക്കായി കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സർക്കാർ ഫണ്ടിൽ നിന്ന് കോടികൾ ചെലവഴിച്ച്, പഴയകുന്നുമ്മൽ പഞ്ചായത്തിൽ നിർമിച്ച ഭവനസമുച്ചയത്തിൻറെ അവസ്ഥ അന്വേഷിക്കുകയാണ് ഇന്ന്.നിരാലംബരായ പട്ടികജാതി കുടുംബങ്ങൾക്ക് തല ചായ്ക്കാൻ ഒരിടം എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്തെ തന്നെ ആദ്യ പദ്ധതിയായി ഭവനസമുച്ചയ നിർമാണത്തിന് തുടക്കം കുറിച്ചത്.കഴിഞ്ഞ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ കാലഘട്ടത്തിൽ, 2016-17 സാമ്പത്തിക വർഷത്തിൽ 52 പട്ടികജാതി കുടുംബങ്ങൾക്ക് ഭവനസമുച്ചയം നിർമിക്കാനായി പഴയകുന്നുമ്മേൽ പഞ്ചായത്തിലെ മേലേപുതിയകാവിൽ 80 സെൻറ് സ്ഥലം വാങ്ങി. പട്ടികജാതി വികസനഫണ്ടിൽ നിന്ന് 5.92 കോടി രൂപ ഇതിനായി വകയിരുത്തി.ബ്ലോക്കിന് കീഴിലെ നാവായിക്കുളം, പള്ളിക്കൽ, മടവൂർ, കിളിമാനൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, നഗരൂർ, കരവാരം എന്നീ പഞ്ചായത്തുകളിൽ നിന്നുമായി ഗ്രാമസഭ തയാറാക്കി നൽകിയ പട്ടികയിൽ നിന്നുമാണ് മുൻഗണനാക്രമത്തിൽ ഉപഭോക്താക്കളെ തെരഞ്ഞെടുത്തത്.ഭൂരഹിതർ, ഭവന രഹിതർ എന്നിവർക്കാണ് മുൻഗണന നൽകിയത്. 'ലാറി ബേക്കർ' മാതൃകയിൽ മൂന്ന് ഫ്ലാറ്റുകൾ നിർമിക്കാനായി കോസ്റ്റ് ഫോർഡിനാണ് അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് നിർമാണ ചുമതല ഏൽപ്പിച്ചത്. ഇതേ ഏജൻസി ജില്ലയിൽ മറ്റിടങ്ങളിൽ നിർമിച്ച ഫ്ലാറ്റ് സമുച്ചയം കണ്ടാണ് ബ്ലോക്ക് ഭരണസമിതി ഇവർക്ക് കരാർ നൽകിയതത്രേ.മൂന്ന് ഫ്ലാറ്റുകളാണ് കെട്ടിട സമുച്ചയം നിർമിക്കാൻ തീരുമാനിച്ചത്. മൂന്ന് നിലകളുള്ള ഓരോ ഫ്ലാറ്റിലും 17 കുടുംബങ്ങൾക്ക് വീതം താമസസൗകര്യമൊരുക്കുകയായിരുന്നു ലക്ഷ്യം. കുടിവെള്ളം, വൈദ്യുതി എന്നിവ കൂടാതെ പൊതുവായ അംഗൻവാടി, ബാഡ്മിൻറൻ കോർട്ട്, ആംഫി തിയറ്റർ, ഓഫിസ് മുറി, നിത്യോപയോഗ സാധനങ്ങൾ വിൽപനക്കുള്ള രണ്ട് കടമുറികൾ, ബയോഗ്യാസ് പ്ലാൻറ് അടക്കം 'സ്വയം പര്യാപ്തഗ്രാമം' എന്നതായിരുന്നു ലക്ഷ്യം.നിലവിൽ മൂന്നും രണ്ടും നിലയിൽ ഓരോ ബിൽഡിങ്ങുകളുടെ സ്ട്രക്ചറുകൾ നിർമിക്കുകയും ഒരു ബിൽഡിങ്ങിനുള്ള അടിസ്ഥാനം മാത്രം ഒരുക്കിയിട്ടുമുണ്ട്. രണ്ടുവർഷത്തോളമായി നിർമാണ പ്രവർത്തനങ്ങൾ പൂർണമായും നിലച്ചമട്ടാണ്.ബ്ലോക്ക് പഞ്ചായത്തിൻറെ മേൽനോട്ടത്തിൽ തുടങ്ങിയ നിർമാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ, സി.പി.എമ്മിൻറെ തന്നെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതി അധികാരത്തിൽ വന്നിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഭവനസമുച്ചയം ഒരുക്കുന്നത് സർക്കാറിന് വൻ സാമ്പത്തിക ബാധ്യതയാകുമെന്ന വൈകി വന്ന വിവേകം മൂലം ഫ്ലാറ്റ് പദ്ധതി തന്നെ അവസാനിപ്പിച്ചതായാണ് അന്വേഷണത്തിൽ അറിയുന്നത്.അങ്ങനെയെങ്കിൽ നിർമാണപ്രവൃത്തിക്കായി ഇതുവരെ ചെലവഴിച്ച ലക്ഷങ്ങൾ മാത്രമല്ല നശിക്കുന്നത്, ഭയമില്ലാതെ ഒരുരാത്രിയെങ്കിലും അടച്ചുറപ്പുള്ള വീട്ടിൽ അന്തിയുറങ്ങാമെന്ന 52 കുടുംബങ്ങളുടെ സ്വപ്നങ്ങൾ കൂടിയാണ്.തികഞ്ഞ അവധാനതയോടും കൃത്യമായ കാഴ്ചപ്പാടോടും കൂടി പ്രവർത്തിക്കേണ്ട ഭരണ-ഉദ്യോഗസ്ഥ വൃന്ദം ഉത്തരവാദിത്തം മറക്കുമ്പോൾ പൊതുവെ ജനാവിൻറെ നഷ്ടം നികത്താനാവാത്തതാണ്. പാതിവഴിയിൽ നിലച്ച സ്വപ്ന പദ്ധതികളുടെ കദനകഥകൾ ഇവിടെയും അവസാനിക്കുന്നില്ല.ഒരു കോടി ചെലവഴിച്ച് കരവാരം പഞ്ചായത്തിലെ വഞ്ചിയൂരിൽ തുടങ്ങിയ അത്യന്താധുനിക അറവുശാലയുടെ നിർമാണം നിലച്ചിട്ട് വർഷം ഒന്നുകഴിഞ്ഞു. അതിനെക്കുറിച്ചുള്ള അന്വേഷണമാണ് നാളെ.....



# സ്റ്റുഡൻറ് വിസ തട്ടിപ്പ്: മലയാളി ഡൽഹിയിൽ അറസ്റ്റിൽ

**തിരുവനന്തപുരം:** സ്റ്റുഡൻറ് വിസ തട്ടിപ്പുനടത്തിയ മലയാളി ഡൽഹിയിൽ അറസ്റ്റിൽ. നെയ്യാറ്റിൻകര സ്വദേശി റോജർ (48) എന്നറിയപ്പെടുന്ന എലിസ തങ്കരാജിനെയാണ് ഡൽഹിയിലെ ഗുഡ്ഹാവിൽ ഒളിവിൽ കഴിയവെ പേരൂർക്കട പൊലീസ് അറസ്റ്റ് ചെയ്തത്. യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള വിദ്യാഭ്യാസ വിസ തരപ്പെടുത്തി നൽകാമെന്ന് വാഗ്ദാനം ചെയ്തു ആൽഫ മേരി ഇൻറർനാഷനൽ എന്ന സ്ഥാപനം വഴിയായിരുന്നു ഇയാൾ തട്ടിപ്പ് നടത്തിയിരുന്നത്.ഏപ്രിൽവരെ പട്ടത്ത് പ്രവർത്തിച്ചിരുന്ന സ്ഥാപനം പരാതികളെതുടർന്ന് പൊലീസ് പൂട്ടിച്ചിരുന്നു. ഇതോടെ ഓൺലൈൻ സൈറ്റിലൂടെയായി തട്ടിപ്പ്. ഈ സ്ഥാപനത്തിലേക്ക് നിക്ഷേപകരെ ക്ഷണിച്ചുള്ള അറിയിപ്പ് നൽകിയും ഇയാൾ തട്ടിപ്പ് നടത്തിയതായി പൊലീസ് പറഞ്ഞു. ഇത്തരത്തിൽ നിരവധി പരാതികളാണ് പൊലീസിന് ലഭിച്ചത്. കേസ് വന്നതോടെ ഇയാൾ ഒളിവിൽ പോയി. രണ്ടുകോടിയുടെ തട്ടിപ്പ് നടത്തിയിട്ടുണ്ടെന്നാണ് പൊലീസിന്റെ പ്രാഥമിക വിലയിരുത്തൽ.ഇന്നലെ പുലർച്ചയാണ് ഇയാളെ ഡൽഹിയിൽനിന്ന് അറസ്റ്റ് ചെയ്തത്. ചൊവ്വാഴ്ച തലസ്ഥാനത്ത് എത്തിക്കും. കോടതിയിൽ ഹാജരാക്കിയ ശേഷം കസ്റ്റഡിയിൽ വാങ്ങി കൂടുതൽ ചോദ്യം ചെയ്യാനാണ് പൊലീസ് തീരുമാനം.



# സ്വർണക്കടത്തിന് അതിനൂതനവഴികൾ: അന്തംവിട്ട് എയർ കസ്റ്റംസ്

**ശംഖുംമുഖം:** സ്വർണക്കടത്തിനുള്ള അതിനൂതനവഴികൾ കണ്ട് അന്തംവിട്ട് എയർ കസ്റ്റംസ്. ആറ് ടവലുകളിൽ സ്വർണലായനി മുക്കിയാണ് കഴിഞ്ഞ ദിവസം കടത്തിന് ശ്രമിച്ചത്. ടവലിൽനിന്ന് സ്വർണം വേർതിരിച്ചെടുക്കാനുള്ള സംവിധാനങ്ങൾ തിരുവനന്തപുരം വിമാനത്താവളത്തിലെ എയർകസ്റ്റംസിനില്ല.സ്വർണം വിഴുങ്ങിയ വ്യക്തികളിൽനിന്ന് അവതിരിച്ചെടുക്കാനാണ് കസ്റ്റംസിന് ഇതുവരെ ഏറ്റവും കൂടുതൽ കഷ്ടപ്പെടേണ്ടിവന്നത്. വിസർജിപ്പിക്കുകയോ മെഡിക്കൽ സഹായം തേടുകയോ ചെയ്യുകയാണ് പതിവ്.തിരുവനന്തപുരത്ത് കള്ളക്കടത്ത് സംഘങ്ങളെ പിടികൂടാൻ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് നീണ്ടകാലങ്ങളായി കസ്റ്റംസ് ആവശ്യമുന്നയിക്കുന്നു.മറ്റൊരു രാജ്യത്തിൻറെ നയതന്ത്ര കാര്യാലത്തിൻറെ ഡിപ്ലോമാറ്റിക് ലഗേജിൽ കൊണ്ടുവന്ന സ്വർണം പിടികൂടിയതോടെ തിരുവനന്തപുരം വിമാനത്തവളം വഴിയുള്ള സ്വർണക്കടത്ത് അൽപമൊന്ന് നിലച്ചിരുന്നു. എന്നാൽ, കഴിഞ്ഞ ദിവസത്തെ സംഭവത്തോടെ തിരുവനന്തപുരം വഴിയുള്ള സ്വർണക്കടത്ത് പുനരാരംഭിച്ചെന്നാണ് കസ്റ്റംസിൻറെ വിലയിരുത്തൽ.



# ദേശീയപാത നിർമാണത്തിന്റെ മറവിൽ മണ്ണ് കടത്ത് വ്യാപകം

**കൊട്ടിയം:** ദേശീയപാതയുടെ പുനർനിർമാണത്തിന് പതിനായിരക്കണക്കിന് ലോഡ് കരമണ്ണ് വേണമെന്നിരിക്കെ ഏറ്റെടുത്ത സ്ഥലങ്ങളിലെ ഒഴിപ്പിക്കലിന്റെ മറവിൽ ദിവസവും ലോഡ് കണക്കിന് കരമണ്ണ് കടത്തിയിട്ടും അധികൃതർ കണ്ടമട്ടില്ല. ദേശീയപാതയോരത്തെ മണ്ണ് കൊണ്ട് പാതയോരത്തെ താഴ്ന്ന പ്രദേശങ്ങളിൽ പുതുതായി റോഡ് നിർമിക്കാമെന്നിരിക്കെ അതെല്ലാം അട്ടിമറിക്കുകയാണെന്നാണ് ആരോപണം.ചാത്തന്നൂർ സ്പിന്നിങ് മില്ലിനോട് ചേർന്നുള്ള സർക്കാർ ഭൂമിയിൽനിന്ന് നിർമാണ കമ്പനി അധികൃതരുടെ ഒത്താശയോടെ നൂറ് കണക്കിന് ലോഡ് പാറയാണ് മതിൽ പൊളിച്ചു കടത്തിയത്. ഇവിടെ ഇനി മതിൽ കെട്ടണമെങ്കിൽ പാറ പുതുതായി ഇറക്കേണ്ട അവസ്ഥയാണ്.പൊലീസിൽ നിരവധി തവണ പറഞ്ഞിട്ടും തിരിഞ്ഞുനോക്കിയില്ലെന്ന് നാട്ടുകാർ പറയുന്നു. കല്ലുവാതുക്കലിൽ ഇ.എസ്.ഐ കോർപറേഷൻ ഭൂമിയിൽനിന്ന് രാത്രിയുടെ മറവിൽ നൂറുകണക്കിന് ലോഡ് മണ്ണാണ് കടത്തിയത്. പകൽ മണ്ണെടുക്കാൻ വന്നത് നാട്ടുകാർ തടഞ്ഞതോടെയാണ് രാത്രിയിൽ എടുത്തത്.ഇതിനെതിരെയും പൊലീസിലും വകുപ്പ് അധികൃതർക്കും പരാതി നൽകിയിട്ടും നടപടി ഉണ്ടായില്ല. ദേശീയപാത നിർമാണകമ്പനിയുടെ കാരാറുകാർ എന്ന വ്യാജേന വസ്തു ഉടമകളുടെ അടുത്തെത്തി കെട്ടിടം പൊളിക്കാൻ ഏൽപിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി നിർബന്ധിച്ച് കെട്ടിടം പൊളിക്കുന്ന സംഘങ്ങളും സജീവമായുണ്ട്.



# ഇലന്തൂർ നരബലി; മുൾമുനയിൽ, മണിക്കൂറുകൾ നീണ്ട തെളിവെടുപ്പ്

**പത്തനംതിട്ട:** ഇരട്ട നരബലി നടന്ന ഇലന്തൂർ പുളിന്തിട്ടയിലെ വൈദ്യൻ ഭഗവൽ സിങ്ങിൻറെ വീട്ടിലും മൃതദേഹങ്ങൾ കുഴിച്ചിട്ട സമീപ പറമ്പിലും മൂന്ന് പ്രതികളെയും എത്തിച്ച് പൊലീസ് തെളിവെടുത്തു.കൊലപാതകം നടന്ന വീട്ടിലെ മുറിയിൽ പ്രതികളെ ഓരോരുത്തരെയായി നിർത്തി കൊലപാതകത്തിൻറെ ഡെമ്മി പരീക്ഷണവും നടത്തി. മുഖ്യ സൂത്രധാരനും കേസിലെ ഒന്നാം പ്രതിയുമായ മുഹമ്മദ് ഷാഫി, രണ്ടാം പ്രതി ഭഗവൽ സിങ്, മൂന്നാം പ്രതിയും ഭഗവൽ സിങ്ങിൻറെ രണ്ടാം ഭാര്യയുമായ ലൈല എന്നിവരെ ശനിയാഴ്ച ഉച്ചക്ക് രണ്ടോടെയാണ് ഇലന്തൂർ പുളിന്തിട്ടയിലെ വീട്ടിൽ എത്തിച്ചത്. മണിക്കൂറുകൾ നീണ്ട പരിശോധനകൾ ശനിയാഴ്ച രാത്രി വൈകിയും തുടർന്നു. ശാസ്ത്രീയ തെളിവ് ശേഖരണത്തിൻറെ ഭാഗമായി ഫോറൻസിക് പരിശോധനയും നടന്നു. കാടും പടലും നിറഞ്ഞ ഒന്നര ഏക്കറിൽ ഇനിയും മൃതദേഹങ്ങളുണ്ടെന്ന സംശയത്തിൻറെ അടിസ്ഥാനത്തിൽ വിദഗ്ധ പരിശീലനം ലഭിച്ച രണ്ട് പൊലീസ് നായ്ക്കളെയും എത്തിച്ചിരുന്നു. വീട്ടിലും വൈദ്യൻറെ തിരുമ്മുകേന്ദ്രത്തിലും ഇവ മണം പിടിച്ചെത്തി.വൻ പൊലീസ് സന്നാഹത്തെ അണിനിരത്തിയെങ്കിലും പ്രതികളെ എത്തിക്കവെ പ്രതിഷേധവുമുണ്ടായി. തടിച്ചുകൂടിയ ജനത്തിനിടയിൽനിന്ന് കോൺഗ്രസ്-ബി.ജെ.പി പ്രവർത്തകർ പ്രതിഷേധവുമായി പ്രതികളെ കൊണ്ടുവന്ന വാഹനങ്ങൾക്ക് മുന്നിലേക്ക് എടുത്തുചാടി. പൊലീസ് നന്നെ പണിപ്പെട്ടാണ് ഇവരെ പിടിച്ചുമാറ്റിയത്.കഴിഞ്ഞ വ്യാഴാഴ്ച ചോദ്യംചെയ്യലിനും തെളിവെടുപ്പിനും എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽനിന്ന് പൊലീസ് കസ്റ്റഡിയിൽ വാങ്ങിയ പ്രതികളുമായി ശനിയാഴ്ച പുലർച്ച അന്വേഷണസംഘം കൊച്ചിയിൽനിന്ന് പുറപ്പെടുകയായിരുന്നു. പ്രതികൾ പരസ്പരം സമ്പർക്കം പുലർത്താതിരിക്കാൻ പ്രത്യേകം വാഹനങ്ങളിലായിരുന്നു യാത്ര. കേസ് അന്വേഷിക്കുന്ന ഉന്നത പൊലീസ് ഉദ്യോഗസ്ഥരും ഒപ്പമുണ്ടായിരുന്നു.അന്വേഷണവുമായി സഹകരിക്കുന്ന ഭഗവൽ സിങ്ങിനെ ആദ്യം വാഹനത്തിൽനിന്ന് പുറത്തിറക്കി പറമ്പിലെത്തിച്ച് തെളിവെടുത്തു. തുടർന്ന് ഇയാളെ വൈകുന്നേരത്തോടെ വീട്ടിലെ മുറിയിൽ എത്തിച്ച് കൊലപാതകത്തിൻറെ ഡെമ്മി പരീക്ഷണം നടത്തി. ഈ സമയമത്രയും വാഹനത്തിലിരുത്തിയ ഷാഫിയെയും ലൈലയെയും പിന്നീട് മുറിക്കുള്ളിൽ എത്തിച്ച് വിശദമായി ചോദ്യം ചെയ്ത് കൊലപാതക വിവരങ്ങൾ ചോദിച്ചറിഞ്ഞു. കാര്യങ്ങൾ വിട്ടുപറയാതെ ഷാഫി അന്വേഷണത്തെ വഴിതെറ്റിക്കുന്നുണ്ട്. എന്നാൽ, തെളിവുകൾ നിരത്തിയുള്ള ചോദ്യങ്ങൾക്ക് മുന്നിൽ ലൈല അടിയറവ് പറയുന്നതായി അറിയുന്നു. രാത്രിയോടെ ഇവരെ സ്ഥലത്തുനിന്ന് മടക്കികൊണ്ടുപോയി. വിദഗ്ധ പരിശീലനം ലഭിച്ച പൊലീസ് നായ്ക്കൾ മണംപിടിച്ച പറമ്പിലെ സ്ഥലങ്ങൾ മാർക്ക് ചെയ്ത് കുഴിച്ച് പരിശോധിക്കും. പറമ്പിൽ നിന്ന് ലഭിച്ച മൃഗങ്ങളുടെ എല്ലിൻ കഷണങ്ങളും പൊലീസ് ശേഖരിച്ചിട്ടുണ്ട്.




# മന്ത്രവാദിനിക്കെതിരെ കൂടുതൽ തെളിവുകൾ പുറത്ത്

**കോന്നി:** കഴിഞ്ഞ ദിവസം അറസ്റ്റിലായ മലയാലപ്പുഴയിലെ മന്ത്രവാദിനിക്കെതിരായി കൂടുതൽ തെളിവുകൾ പുറത്ത്. കുട്ടിയെ മർദിക്കുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വൈറൽ ആയതിനെ തുടർന്നാണ് ഇവർക്കെതിരെ നാട്ടുകാർ സംഘടിക്കുകയും തുടർന്ന് പൊലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തത്. എന്നാൽ, ഇപ്പോൾ സ്ത്രീയെ മർദിക്കുന്ന ദൃശ്യങ്ങളാണ് സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നത്.ബാധ ഒഴിപ്പിക്കാൻ എന്ന പേരിൽ സ്ത്രീയെ അടിക്കുകയും മുടിക്ക് കുത്തിപ്പിടിക്കുകയും നെഞ്ചിൽ ചവിട്ടുകയും ചെയ്യുന്ന ദൃശ്യങ്ങൾ ഞെട്ടിക്കുന്നതാണ്. ഇതിനെ തുടർന്ന് പൊലീസ് ഇരയെ കണ്ടെത്താനുള്ള അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. മന്ത്രവാദിനി പിടിയിലായ സംഭവത്തിൽ നാലു ദിവസം മാത്രമാണ് റിമാൻഡ് കാലാവധി. മലയാലപ്പുഴയിലെ സംഭവത്തിന് പിന്നാലെ ചെങ്ങറയിലെ ക്ഷേത്രത്തിൽ മൃഗബലി നടന്നതായും വിവരങ്ങളും പുറത്തു വന്നിട്ടുണ്ട്. ഇതിനെക്കുറിച്ചും വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.



# കയർഫെഡ് സംഭരണം നാമമാത്രം; കയർപിരി സംഘങ്ങൾ പ്രതിസന്ധിയിൽ

**ഹരിപ്പാട്:** കയർഫെഡ് കയർ സംഭരണം കുറച്ചതിനാൽ കാർത്തികപ്പള്ളി മേഖലയിലെ കയർപിരി സംഘങ്ങൾ പ്രതിസന്ധിയിൽ. ഓണത്തിനുമുമ്പ് മുതൽ പിരിച്ച കയർ, സംഘങ്ങളിലും തൊഴിലാളികളുടെ വീടുകളിലും സൂക്ഷിച്ചിരിക്കുകയാണ്. വിറ്റുപോകാത്തതിനാൽ തൊഴിലാളികൾക്ക് കൂലി ലഭിക്കുന്നില്ല. മിക്ക സംഘങ്ങളും കയർപിരി നിർത്തി. ഇതോടെ തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലായി. കായംകുളം കയർ പ്രോജക്ട് ഓഫിസ് പരിധിയിൽ 110 കയർസംഘങ്ങളാണ് പ്രവർത്തിക്കുന്നത്. 12,500 തൊഴിലാളികൾ ഈ സംഘങ്ങളുടെ കീഴിൽ ജോലി ചെയ്യുന്നു.കയർപിരി മാത്രം ആശ്രയിച്ചുകഴിയുന്ന ഇവരിൽ ഭൂരിപക്ഷത്തിനും മറ്റു തൊഴിലുകളിൽ ഏർപ്പെടാൻ ശാരീരിക ക്ഷമതയില്ല. പ്രായമായവരും ശാരീരിക ബുദ്ധിമുട്ടുള്ളവരും വർഷങ്ങളായുള്ള തൊഴിൽപരിചയം കൈമുതലാക്കിയാണ് കയർമേഖലയിൽ പണിയെടുക്കുന്നത്. ഇവരുടെ ഏകവരുമാനമാർഗമാണ് മാസങ്ങളായി നിലച്ചത്.രണ്ടു മുതൽ എട്ടുലോഡുവരെ കയർ വിൽക്കാനാകാതെ സൂക്ഷിക്കുന്ന സംഘങ്ങളുണ്ട്. 4600 കിലോ കയർ വരെയാണ് ഒരു ലോഡായി കണക്കാക്കുന്നത്. സംഘങ്ങളിൽ നേരിട്ട് പിരിക്കുന്നതിനൊപ്പം തൊഴിലാളികളുടെ വീടുകളിൽ ചകിരി എത്തിച്ച് പിരിപ്പിക്കുന്ന രീതിയും കാർത്തികപ്പള്ളി മേഖലയിലുണ്ട്. സംഘങ്ങളിലെ കയർ വിറ്റുമാറാത്തതിനാൽ തൊഴിലാളികൾ വീട്ടിൽ സൂക്ഷിച്ചിരിക്കുന്ന കയർ എടുത്തുമാറ്റാൻ കഴിയാത്ത സ്ഥിതിയാണ്. മിക്ക വീടുകളിലും കയർ സൂക്ഷിച്ചുവെക്കാൻ സൗകര്യമില്ല. ചൈന ഉൾപ്പെടെ രാജ്യങ്ങളിലേക്കുള്ള കയർ കയറ്റുമതി നിലച്ചിരിക്കുകയാണ്. തമിഴ്നാട്ടിൽനിന്ന് കുറഞ്ഞ വിലയ്ക്ക് കയർ കേരളത്തിലെത്തുന്നുണ്ട്. ആഭ്യന്തര വിപണിയിൽ ഈ കയർ വിറ്റഴിക്കപ്പെടുന്നതിനാൽ സംഘങ്ങളുടെ കയറിന് ആവശ്യക്കാരില്ല. ആവശ്യം കുറഞ്ഞത് മറ്റൊരു വിഷയം.കയർഫെഡിന്റെ സംഭരണികളെല്ലാം നിറഞ്ഞു. ഈ സാഹചര്യത്തിലാണ് സംഘങ്ങളിൽനിന്ന് കയർ എടുക്കുന്നതിൽ നിയന്ത്രണം വരുത്തിയതെന്നാണ് അധികൃതർ വിശദീകരിക്കുന്നത്. തമിഴ്നാട് കയർ ഉൽപന്നങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയാൽ ഇവിടുത്തെ കയറിന് സ്വാഭാവിക ഡിമാൻഡ് വരുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

# പഞ്ചായത്ത് അംഗത്തെ മർദിച്ച രണ്ടുപേർ അറസ്റ്റിൽ



**തൊടുപുഴ:** പഞ്ചായത്ത് അംഗത്തെ ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ദേഹോപദ്രവം ഏൽപിക്കുകയും ചെയ്ത സംഭവത്തിൽ രണ്ട് യുവാക്കൾ അറസ്റ്റിൽ. കരിങ്കുന്നം പഞ്ചായത്ത് 11ാം വാർഡ് അംഗം ഹരിദാസിനെ ഉപദ്രവിച്ച കേസിൽ തോയിപ്രമലയിൽ അഭിജിത്ത് (25), തോയിപ്ര പാറടിയിൽ വീട്ടിൽ ആൽബിൻ ബെന്നി (21) എന്നിവരാണ് അറസ്റ്റിലായത്.അഭിജിത്തിനെതിരെ തൃശൂർ വെസ്റ്റ് പൊലീസ് സ്റ്റേഷനിൽ അടിപിടിക്കേസും മോഷണക്കേസും കാലടി സ്റ്റേഷനിൽ സംഘം ചേർന്ന് വീട് കയറി ആക്രമിച്ച കേസുമുണ്ട്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. കരിങ്കുന്നം എസ്.ഐ ബിജു ജയിംസ്, എ.എസ്.ഐമാരായ ഷംസുദ്ദീൻ, ഉണ്ണികൃഷ്ണൻ, എസ്.സി.പി.ഒ ഹരീഷ് എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

# യുവതിയെ പീഡിപ്പിച്ച കേസിൽ പ്രതി പിടിയിൽ

**കളമശ്ശേരി:** യുവതിയെ പീഡിപ്പിക്കുകയും ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി അഞ്ചു ലക്ഷം രൂപ തട്ടിയെടുക്കുകയും ചെയ്തെന്ന പരാതിയിൽ പ്രതി പിടിയിൽ. ഇടപ്പള്ളി നോർത്ത് കുന്നുംപുറത്ത് താമരശ്ശേരി വീട്ടിൽ ടി.എൻ. നവാസാണ് (46) കളമശ്ശേരി പൊലീസിൻറെ പിടിയിലായത്.2021 മാർച്ചിൽ സ്റ്റേക്കെടുക്കാനെന്ന പേരിൽ യുവതിയെ ഇടപ്പള്ളി ടോളിൽ പ്രതിയുടെ ഉടമസ്ഥതയിലുള്ള ഹോമിയോ സ്ഥാപനത്തിലേക്ക് വിളിച്ചുവരുത്തി പീഡിപ്പിച്ച് ദൃശ്യങ്ങൾ ചിത്രീകരിച്ചുവെന്നാണ് പരാതി. തുടർന്ന്, ദൃശ്യം സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തി ജൂൺവരെ പീഡിപ്പിച്ചെന്നും പരാതിയിൽ പറയുന്നു. പിന്നീട് വഴങ്ങാതിരുന്നപ്പോൾ ഭർത്താവിനെ ഭീഷണിപ്പെടുത്തി 10 ലക്ഷം രൂപ ആവശ്യപ്പെട്ടു. അഞ്ചുലക്ഷം രൂപ തട്ടിയെടുത്തതായും പരാതിയിൽ പറയുന്നു. 2022 ആഗസ്റ്റ് 10ന് നൽകിയ പരാതിയിലാണ് അറസ്റ്റ്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.



# ദാരിദ്ര്യ നിർമാർജനത്തിനുള്ള അന്താരാഷ്ട്ര ദിനം

ലോകമെമ്പാടും ഒക്ടോബർ 17 ‘ ദാരിദ്ര്യ നിർമാർജനത്തിനുള്ള അന്താരാഷ്ട്ര ദിനമായി ‘ ആചരിക്കുന്നു. ആദ്യമായി ഇങ്ങിനെ ഒരു ദിനം ആചരിച്ചത് 1987 പാരിസിൽ വെച്ചാണ് . ഒരു ലക്ഷത്തോളം പേര് പങ്കെടുത്ത ഈ ചടങ്ങിൽ ദാരിദ്ര്യവും, വിശപ്പും , ആക്രമണവും , പേടിയും അനുഭവിക്കുന്ന ജനതയോടുള്ള ആദര സൂചകമായി ഫാദർ ജോസഫ് റെൻസ്കി സ്മാരക കല്ല് ഇട്ടു . പിന്നീട് ഒക്ടോബർ 17 ന് , അദ്ദേഹത്തിന്റെ അന്ത്യം സംഭവിച്ചപ്പോൾ , യുണൈറ്റഡ് നേഷൻസ് , ഈ ദിനം ‘ദാരിദ്ര്യ നിർമാർജനത്തിനുള്ള അന്താരാഷ്ട്ര ദിനമായി ‘ ഔദ്യോഗികമായി പ്രഖ്യാപിക്കുകയായിരുന്നു.ഒരുനേരത്തെ ആഹാരത്തിന് വകയില്ലാത്തവർ, തലചായ്ക്കാൻ വീടിന്റെ സുരക്ഷിതത്വം ഇല്ലാത്തവർ, എഴുത്തും വായനയും അറിയാതെ പ്രയാസപ്പെടുന്നവർ, ശരിയായ ആരോഗ്യ പരിപാലനത്തിന് അവസരം ലഭിക്കാത്തവർ ഇങ്ങനെ ജീവിതത്തിൽ പ്രതിസന്ധികൾ നേരിടുന്ന മനുഷ്യർ ലോകത്ത് ഇന്നും നിരവധിയാണ്. ഇവരുടെ ജീവിത പ്രയാസങ്ങളിലേക്ക് മനുഷ്യനന്മയുടെ പ്രകാശം ചൊരിയാൻ പ്രേരണ നൽകുന്ന രണ്ട് അന്താരാഷ്ട്ര ദിനാചരണങ്ങൾ- ഒക്ടോബർ 16 ലോക ഭക്ഷ്യദിനം, ഒക്ടോബർ 17 ദാരിദ്ര്യ നിർമാർജനദിനം. ലോകത്ത് ആവശ്യത്തിന് ഭക്ഷണം ലഭിക്കാത്തവരുടെ എണ്ണം കഴിഞ്ഞ കുറേ ദശകങ്ങളായി കുറഞ്ഞുവരുന്നു. എങ്കിലും ഇന്നും ഭൂമിയിൽ ജീവിക്കുന്ന മനുഷ്യരിൽ ഒൻപതിലൊരാൾ ഊർജസ്വലവും ആരോഗ്യകരവുമായ ജീവിതം നയിക്കാൻ ആഹാരം ലഭിക്കാത്തവരാണെന്നത് സമൂഹത്തിന്റെ ഉത്തരവാദിത്തം വർധിപ്പിക്കുന്നു.1945ൽ സ്ഥാപിതമായ ലോക ഭക്ഷ്യ കാർഷിക സംഘടനയാണ് ദിനാചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. എഴുപത് വർഷം മുമ്പ് സംഘടന രൂപീകൃതമായ ഒക്ടോബർ 16നാണ് ഭക്ഷ്യദിനാചരണം. ദാരിദ്ര്യം, പട്ടിണി എന്നിവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ 1979 മുതലാണ് ദിനാചരണം നടന്നുവരുന്നത്. സാമൂഹ്യസംരക്ഷണവും കൃഷിയും എന്നതാണ് ഈ വർഷത്തെ പ്രചാരണങ്ങൾക്കുള്ള മുഖാശയമായി നിശ്ചയിച്ചിരിക്കുന്നത്. ലോകത്തിന്റെ ദാരിദ്ര്യം മനുഷ്യസമൂഹത്തിന്റെ ശ്രദ്ധയിൽ എത്തിക്കുക, സാങ്കേതിക വിദ്യകളുടെ കൈമാറ്റത്തിന് രാഷ്ട്രങ്ങൾക്ക് പ്രേരണയാവുക, ആഹാരത്തിലും കൃഷിയിലും രാജ്യങ്ങൾ തമ്മിലുള്ള സഹകരണം ഉറപ്പാക്കുക, പട്ടിണി, പോഷകക്കുറവ്, ദാരിദ്ര്യം എന്നിവയുടെ നിർമാർജനത്തിന് ദേശീയവും അന്തർദേശീയവുമായ സഹകരണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവ ദിനാചരണത്തിന്റെ ലക്ഷ്യങ്ങളാണ്1987 ഒക്ടോബർ 17ന് പാരീസിൽ മനുഷ്യരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്ന ഒരുലക്ഷത്തിലധികംപേർ ഒത്തുചേർന്നു. സാമൂഹ്യപ്രവർത്തകനും പുരോഹിതനുമായ ജോസഫ് റെസ്കിന്റെ നേതൃത്വത്തിലായിരുന്നു ഈ കൂടിച്ചേരൽ. ദാരിദ്ര്യം, വിശപ്പ്, അക്രമം, ഭീതി എന്നിവയ്ക്ക് ഇരയായി ജീവിക്കേണ്ടിവരുന്ന ലോകമെമ്പാടുമുള്ള മനുഷ്യരോട് ഈ യോഗം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. യോഗം നടന്ന ദിവസമാണ് ഐക്യരാഷ്ട്ര സംഘടന ഭൂമിയിലെ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങൾക്ക് പ്രേരണയാവുന്ന ദാരിദ്ര്യ നിർമ്മാർജന ദിനമായി നിശ്ചയിച്ചത്. 1993 മുതലാണ് ദാരിദ്ര്യത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനുള്ള ദിവസമായി ഒക്ടോബർ 17 തെരഞ്ഞെടുക്കുന്നത്സുസ്ഥിര ഭാവി പടുത്തുയർത്താൻ; ദാരിദ്ര്യത്തിനും വിവേചനത്തിനുമെതിരെ ഒന്നിക്കാം എന്നതാണ് 2015ൽ ഐക്യരാഷ്ട്രസഭ ദിനാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രചരിപ്പിക്കുന്ന പ്രധാനസന്ദേശം. ദാരിദ്ര്യമനുഷ്യരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുക, സ്ത്രീപുരുഷ സമത്വം, കുട്ടികളുടെ അവകാശങ്ങൾ, പങ്കാളിത്തവും ശക്തിപ്പെടുത്തലും ഉറപ്പാക്കുക എന്നിങ്ങനെയുള്ള വിവിധങ്ങളായ ലക്ഷ്യങ്ങളിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ ദാരിദ്ര്യനിർമാർജന ദിനത്തിന്റെ ഭാഗമായി നടക്കുന്നു.2014ലെ കണക്ക് പ്രകാരം നമ്മുടെ രാജ്യത്തെ 32.7 ശതമാനം ആളുകളും അന്താരാഷ്ട്ര ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇവരുടെ ഒരു ദിവസത്തെ വരുമാനം 1.45 അമേരിക്കൻ ഡോളറിൽ കുറവാണ്. അതായത് തൊണ്ണൂറ്റിയഞ്ച് രൂപ ദിവസം വരുമാനമില്ലാത്തവരെയാണ് ഇപ്പോൾ അന്താരാഷ്ട്ര തലത്തിൽ ദരിദ്രരായി പരിഗണിക്കുന്നത്. ഒരു രാജ്യത്തെയോ പ്രദേശത്തെയോ ദരിദ്രരുടെ എണ്ണം നിശ്ചയിക്കലിന്റെ ആദ്യപടി ദാരിദ്ര്യരേഖ നിർണയിക്കലാണ്. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളിലെ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് ദാരിദ്ര്യരേഖ നിശ്ചയിക്കുന്നത്. ദാരിദ്ര്യരേഖ തിട്ടപ്പെടുത്തുന്നതിന് ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ശാരീരികോർജത്തിന്റെ അളവ് കണക്കാക്കറുണ്ട്. കലോറിയുടെ അളവിൽ വിവരിക്കുന്നതുപ്രകാരം ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിൽ ഒരു വ്യക്തിക്ക് ഒരു ദിവസം കുറഞ്ഞത് 2400 കലോറി ഊർജവും നഗരപ്രദേശങ്ങളിൽ 2100 കലോറി ഊർജവും അത്യാവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. അത്രയും ഊർജം ലഭിക്കാൻവേണ്ട ആഹാരവും മറ്റ് അത്യാവശ്യകാര്യങ്ങളും നിശ്ചയിച്ച് ചെലവ് കണക്കാക്കുന്നു. ഈ തുകയെ മാനദണ്ഡമാക്കി ദാരിദ്ര്യരേഖ നിർണയിക്കുന്ന രീതിയാണ് ഇന്ത്യയിൽ തുടർന്നുവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമങ്ങളിൽ പ്രതിമാസം ഒരു വ്യക്തിക്ക് 846 രൂപയും നഗരങ്ങളിൽ 1000 രൂപയുമാണ് ആവശ്യം. ഇതിൽ താഴെ വരുമാനമുള്ളവരെ ദരിദ്ര്യരായി പരിഗണിക്കുന്നു. യൂണിസെഫിന്റെ റിപ്പോർട്ട് പ്രകാരം ലോകത്തിൽ പോഷകാഹാരക്കുറവുള്ള മൂന്ന് കുട്ടികളിൽ ഒരാൾ ഇന്ത്യയിലാണ്. ഇന്ത്യയിലെ അഞ്ചുവയസിൽ താഴെയുള്ള കുട്ടികളുടെ കണക്കെടുത്താൽ നാൽപ്പത് ശതമാനത്തിലധികം നല്ല ഭക്ഷണം ലഭിക്കാത്തതിന്റെ പേരിൽ ആരോഗ്യക്കുറവുള്ളവരാണ്. ഇവരിൽ 58 ശതമാനം പേരും പോഷകാഹാരക്കുറവുകൊണ്ട് വിളർച്ചാപ്രശ്നം നേരിടുന്നവരാണ്.ഇന്ത്യയിൽ ദാരിദ്ര്യം സംബന്ധിച്ച് ഔദ്യോഗികമായ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത് പ്ലാനിങ് കമീഷനാണ്. നാഷണൽ സാമ്പിൾ സർവേ (എൻഎസ്എസ്) നടത്തുന്ന ഉപഭോഗ ചെലവിന്റെ അടിസ്ഥാനത്തിലാണിത്.ഇന്ത്യയിലെ ദാരിദ്ര്യത്തെ ശാസ്ത്രീയമായി ചിട്ടപ്പെടുത്താൻ ആദ്യമായി ശ്രമിച്ചത് ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ പ്രമുഖ നേതാക്കളിൽ ഒരാളായ ദാദാഭായ് നവറോജിയാണ്.നമ്മുടെ രാജ്യത്തെ ദാരിദ്ര്യത്തിന്റെ അളവ് കുറഞ്ഞുവരുന്നുണ്ടെങ്കിലും ദരിദ്രരുടെ ശതമാനം കുറയുന്നതിന് ആനുപാതികമായി അവരുടെ എണ്ണം കുറയുന്നില്ല.ഭൂരഹിതരായ കർഷകത്തൊഴിലാളികൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത വ്യവസായത്തൊഴിലാളികൾ, ആദിവാസികൾ, പട്ടികജാതിക്കാർ, പട്ടികവർഗക്കാർ എന്നിവരിലാണ് ദാരിദ്ര്യം കൂടുതൽ. വിദ്യാഭ്യാസം, വൈദഗ്ധ്യം, പരിശീലനം എന്നിവ ആവശ്യമായ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്താൻ മേൽവിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം ജനങ്ങൾക്കും കഴിയാതെപോയത് ഈ വിഭാഗത്തിലെ വലിയൊരുപങ്കിനെ ദരിദ്രരാക്കിത്തീർത്തു.ഭൂരിഭാഗം ജനങ്ങളും കുറഞ്ഞ വരുമാനത്തിൽ തൊഴിൽ ചെയ്യേണ്ട സാഹചര്യം ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ കാരണങ്ങളിൽ പ്രധാനമാണ്. രാജ്യം സാമ്പത്തിക വളർച്ച നേടുന്നുണ്ടെങ്കിലും ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം നാൾക്കുനാൾ വർധിക്കുന്നു. സാമ്പത്തിക വളർച്ചയുടെ ഗുണഫലം ന്യൂനപക്ഷം വരുന്ന സമ്പന്നരിൽ കേന്ദ്രീകരിക്കുന്നതുകൊണ്ടാണിത്. ഭൂമി, വീട് എന്നിങ്ങനെ സ്വന്തം ആസ്തികളില്ലാത്ത നിരവധിയാളുകൾ രാജ്യത്തുണ്ട്. ഭൂരിഭാഗം ദരിദ്രരും കൃഷി മുഖ്യതൊഴിലായി കരുതുന്നവരാണ്. ഇവരിൽ പലർക്കും പുതിയ കാർഷികരീതികൾ അവലംബിക്കാൻ കഴിയാത്തതും പോരായ്മയാണ്.അഭ്യസ്തവിദ്യരും അല്ലാത്തവരുമായ നിരവധി തൊഴിൽ രഹിതർ, ശുഷ്കമായ വ്യവസായവൽക്കരണം എന്നിവയെല്ലാം ഇന്ത്യൻ ദാരിദ്ര്യത്തിന്റെ തോത് വർധിക്കാൻ കാരണമാവുന്നു. അനുനിമിഷം പെരുകുന്ന ജനങ്ങളാണ് രാജ്യത്തെ ദാരിദ്ര്യത്തിന്റെ അടിസ്ഥാനകാരണമെന്ന വാദവും ശക്തമാണ്.ഭക്ഷ്യ സുരക്ഷഒരു സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും അവർക്കാവശ്യമായ അളവിൽ സുരക്ഷിതവും പോഷക സമ്പുഷ്ടവുമായ ആഹാരം ലഭിക്കാൻ കഴിയുകയും അത് നേടാനാവശ്യമായ സാഹചര്യം എല്ലാവർക്കും ഉണ്ടാവുകയും ചെയ്യുമ്പോഴാണ് ഭക്ഷ്യസുരക്ഷ സാധ്യമാവുന്നത്. ദാരിദ്ര്യ നിർമാർജനത്തിന്റെ ആദ്യ ചുവട് വയ്പ്പാണ് ഭക്ഷ്യസുരക്ഷ സംജാതമാക്കുക എന്നത്. രാജ്യത്തെ ഒരു വ്യക്തിക്കും പട്ടിണിയും വിശപ്പും ഭീഷണി സൃഷ്ടിക്കാത്ത അവസ്ഥ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലൂടെ കഴിയും. ഭക്ഷ്യസുരക്ഷയ്ക്ക് മൂന്ന് ഘടകങ്ങളാണുള്ളത്. ഒന്നാമതായി ആവശ്യമായ ഭക്ഷണം എല്ലാവർക്കും ലഭ്യമാക്കൽ. ആവശ്യമായ ഭക്ഷണം വാങ്ങാനുള്ള കഴിവാണ് രണ്ടാമത്തെ ഘടകം. ഇങ്ങനെ ലഭ്യമാകുന്ന ഭക്ഷണം ഗുണനിലവാരമുള്ളതാവണം എന്നതാണ് മൂന്നാമത്തെ സവിശേഷത. ദാരിദ്ര്യത്തിൽനിന്നും പോഷകാഹാരക്കുറവിൽനിന്നും ജനങ്ങൾക്ക് മോചനം നൽകാൻ ഭക്ഷ്യസുരക്ഷ സഹായകമാവും. ഉൽപാദനവർധനകൊണ്ടുമാത്രം ഇത് സാധ്യമാവില്ല. മെച്ചപ്പെട്ടതും നീതിപൂർവവുമായ വിതരണത്തിലൂടെ മാത്രമേ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ കഴിയൂ. ലോകത്ത് ചെറുവിഭാഗം ജനങ്ങൾ അമിതാഹാരം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ നേരിടുമ്പോൾ വലിയ മറുവിഭാഗം വേണ്ടത്ര ആഹാരം ലഭിക്കാത്തതിന്റെ പേരിൽ രോഗങ്ങളാലും പട്ടിണിയാലും വീർപ്പുമുട്ടുന്നു. ഈ സാഹചര്യത്തിലാണ് ഭക്ഷ്യദിനവും ദാരിദ്ര്യനിർമാർജനദിനവും പ്രസക്തമാവുന്നത്. ആഹാരം പാഴാകാതെ, സ്വന്തമായ കൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ട്, അനുകമ്പയും കരുണയും അർഹിക്കുന്നവരെ സഹായിച്ച് നമുക്കും ദിനാചരണങ്ങളിൽപങ്കാളിയാവാം.









# BUSINESS NEWS




## ആയിരക്കണക്കിന് ജീവനക്കാരെ പിരിച്ചുവിടാനൊരുങ്ങി ഇന്റൽ

**ന്യൂഡൽഹി:** ടെക് ഭീമൻ ഇന്റൽ ആയിരക്കണക്കിന് ജീവനക്കാരെ പിരിച്ചുവിടാൻ ഒരുങ്ങുന്നതായി റിപ്പോർട്ട്.മറ്റ് ടെക് കമ്പനികളുടെ വഴിയെ തന്നെയാണ് ഇന്റലിന്റേയും നടപടി. ടീമുകളെ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായാണ് ഇന്റലിന്റെ നടപടിയെന്നാണ് റിപ്പോർട്ട്. വരും ആഴ്ചകളിൽ ഇന്റൽ ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തുമെന്നാണ് റിപ്പോർട്ടുകൾ.ഒക്ടോബർ 27ന് മൂന്നാംപാദ ലാഭഫലം പ്രഖ്യാപിക്കാനിരിക്കെയാണ് ഇന്റൽ കൂട്ടപിരിച്ചുവിടലിനെ കുറിച്ച് അറിയിച്ചിരിക്കുന്നത്. ചെലവ് കുറക്കാനും പിരിച്ചുവിടലിലൂടെ കമ്പനി ലക്ഷ്യംവെക്കുന്നുണ്ട്. പേഴ്സണൽ കമ്പ്യൂട്ടറുകളുടെ പ്രൊസസറിന്റെ ഡിമാൻഡ് കുറഞ്ഞത് ഇന്റലിനെ ഗുരുതരമായി ബാധിക്കുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ.വിപണി പങ്കാളിത്തം നിലനിർത്താനാവാതെ വലിയ പ്രതിസന്ധിയാണ് ഇന്റൽ നേരിടുന്നത്. ഈ വർഷത്തെ വിൽപനയിൽ കഴിഞ്ഞ വർഷത്തേക്കാൾ 11മില്യൺ ഡോളറിന്റെ കുറവുണ്ടാകുമെന്ന് ഇന്റൽ മുന്നറിയിപ്പ് നൽകിയിരുന്നു.




## കാലിഫോർണിയ ആസ്ഥാനമായുള്ള റെസ്‌വാനി മോട്ടോഴ്സ് മിലിട്ടറി ഗ്രേഡ് എസ് യുവി പുറത്തിറക്കി

**ന്യൂഡൽഹി:** കാലിഫോർണിയ ആസ്ഥാനമായുള്ള റെസ് വാനി മോട്ടോഴ് സ് മിലിട്ടറി ഗ്രേഡ് എസ് യുവി പുറത്തിറക്കി. അതിൽ നിരവധി മികച്ച സവിശേഷതകളുണ്ട്.യാത്രക്കാരെ സുരക്ഷിതമായി നിലനിർത്തുന്നതിന് ബുള്ളറ്റ് പ്രൂഫ് ഗ്ലാസ്, ബോഡി കവചം, റൺ-ഫ്ലാറ്റ് മിലിട്ടറി ടയറുകൾ, സ്മോക്ക് സ്ക്രീൻ, അടിവശം സ്ഫോടനാത്മക സംരക്ഷണം, രാത്രി കാഴ്ച എന്നിവ പോലുള്ള അത്യാധുനിക സവിശേഷതകളോടെയാണ് ഇത് വരുന്നത്. കാലിഫോർണിയ ആസ്ഥാനമായുള്ള കമ്പനിയായ റെസ്വാനി മോട്ടോഴ്സ് മിലിട്ടറി ഗ്രേഡ് എസ്‌യുവിയായി റെസ് വാനി വെഞ്ചെൻസ് ആർമർഡ് കാർ പുറത്തിറക്കി.ഇതിന് റെസ് വാനി വെഞ്ചൻസ് എന്ന് പേരിട്ടു. വാങ്ങുന്നവർക്ക് 7 ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകൾ, ഹെൽമെറ്റ്, ഹൈപ്പോതെർമിയ കിറ്റ്, ഗ്യാസ് മാസ്ക് പാക്കേജ് എന്നിവയും ഈ വാഹനത്തിൽ അടിയന്തര ആവശ്യങ്ങൾക്കായി ലഭിക്കും.




## ഐഡിഎഫ്സി മ്യൂച്വൽ ഫണ്ട് ഐഡിഎഫ്സി ക്രിസിൽ ഐബിഎക്സ് ഗിൽറ്റ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ഐഡിഎഫ്സി മ്യൂചൽ ഫണ്ട് ക്രിസിൽ ഐബിഎക്സ് ഗിൽറ്റ് ഇൻഡക്സിന്റെ ഘടകങ്ങളിൽ നിക്ഷേപിക്കു ഒരു ഓപ്പ-എൻഡ് ടാർഗെറ്റ് മെച്യൂരിറ്റി ഇൻഡക്സ് ഫണ്ടായ ഐഡിഎഫ്സി ക്രിസിൽ ഐബിഎക്സ് ഗിൽറ്റ് ഏപ്രിൽ 2026 ഇൻഡെക്സ് ഫണ്ട് അവതരിപ്പിച്ചു. പുതിയ ഫണ്ട് ഓഫർ ഒക്ടോബർ 13 വ്യാഴാഴ്ച ആരംഭിച്ചു. ഒക്ടോബർ 19 ബുധനാഴ്ച അവസാനിക്കും. ലൈസൻസുള്ള മ്യൂചൽ ഫണ്ട് വിതരണക്കാർ വഴിയും ഓലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും നേരി് വെബ്സൈറ്റിലൂടെയും നിക്ഷേപം നടത്താം.ഗിൽറ്റ് ടാർഗെറ്റ് മെച്യൂരിറ്റി ഇൻഡക്സ് ഫണ്ടുകൾക്ക് ഒരു നിർദ്ദിഷ്ട മെച്യൂരിറ്റി കാലയളവ് ഉള്ളതിനാലും സർക്കാർ സെക്യൂരിറ്റികളിൽ നിക്ഷേപിക്കുതിനാലും ഫലപ്രദമായ നിക്ഷേപ പരിഹാരമാകാം, അങ്ങനെ ഉയർ ഗുണമേന്മയുള്ള കടപ്പത്രങ്ങളിൽ നിക്ഷേപിക്കുതിനുള്ള സൗകര്യം പ്രദാനം ചെയ്യുുവെ് ഐഡിഎഫ്സി എഎംസി സിഇഒ വിശാൽ കപൂർ പറഞ്ഞു.



# കേരളത്തിലേക്ക് അൾട്ടിഗ്രീൻ

ബംഗളുരു ആസ്ഥാനമായ ഇലക്ട്രിക് വാഹന കമ്പനി അൾട്ടിഗ്രീൻ കൊച്ചിയിൽ ആദ്യ റീട്ടെയിൽ എക്സ്പീരിയൻസ് സെന്റർ തുറന്നു.ഈ മാസം ഇന്ത്യയിൽ ആരംഭിക്കുന്ന അഞ്ചാമത്തെ റീട്ടെയിൽ ഡീലർഷിപ്പാണിത്. ഈ രംഗത്തെ ഏറ്റവും പ്രമുഖരായ ഇവിഎം ഗ്രൂപ്പുമായി കൈകോർത്താണ് ആദ്യത്തെ റീട്ടെയിൽ ഡീലർഷിപ്പ് തുടങ്ങിയിരിക്കുന്നത്.ലഌഢ എന്ന പേരിലുള്ള മുച്ചക്ര വാഹനവും അൾട്ടിഗ്രീൻ പുറത്തിറക്കി. എറണാകുളം റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ ഷബീർ പി എം ഷോറൂം ഉദ്ഘാടനവും ഫ്ലാഗ് ഓഫും നിർവഹിച്ചു. ഗതാഗതം പരിസ്ഥിതി സൗഹൃദപരമാക്കാനും, ഫോസിൽ ഇന്ധനങ്ങൾക്ക് ചെലവ് കുറഞ്ഞ ഫലപ്രദമായ ബദലുകൾ കൊണ്ടുവരാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്ന് അൾട്ടിഗ്രീൻ ഫൗണ്ടറും സിഇ ഒയുമായ ഡോ.അമിതാഭ് ശരൺ പറഞ്ഞു. കാർബൺ രഹിത ഗതാഗത സൗകര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിനും അത് എല്ലാവർക്കും ലഭ്യവും താങ്ങാനാവുന്നതുമാക്കി മാറ്റുന്നതിനുമുള്ള അവരുടെ ദൗത്യത്തിൽ അൾട്ടിഗ്രീനുമായി പങ്കു ചേരുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്ന് ഇവിഎം ഗ്രൂപ്പ് എംഡി സാബു ജോണി പറഞ്ഞു.വൈറ്റിലയിൽ തന്നെ വിൽപ്പനയും ചാർജിംഗ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. ബംഗളുരുവിലും ഹൈദരാബാദിലും ഡൽഹിയിലും ലക്നോവിലും വിജയിച്ചതിന് ശേഷമാണ് കമ്പനി കൊച്ചിയിലേക്കും എത്തിയിരിക്കുന്നത്.



## ലോകകപ്പ്: ഏഷ്യൻ ഫുട്ബാളിൽ മാറ്റത്തിന് വഴിയൊരുക്കും – ടിം കാഹിൽ

**ദോഹ:** ഖത്തർ ആതിഥ്യം വഹിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബാൾ ഏഷ്യൻ ഭൂഖണ്ഡത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് ആസ്ട്രേലിയൻ ഇതിഹാസം ടിം കാഹിൽ. ഏഷ്യയിൽ ഇത് രണ്ടാം തവണയാണ് ലോകകപ്പ് ഫുട്ബാൾ എത്തുന്നതെന്നും ഭൂഖണ്ഡത്തിലെ മറ്റു രാജ്യങ്ങൾക്ക് വലിയ ലോകോത്തര ടൂർണമെൻറുകൾക്കും ചാമ്പ്യൻഷിപ്പുകൾക്കും വേദിയാകാൻ മുന്നോട്ടുവരുന്നതിന് ഖത്തർ ലോകകപ്പ് പ്രചോദനമാകുമെന്നും വാർത്ത ഏജൻസിക്ക് നൽകിയ അഭിമുഖത്തിൽ ടിം കാഹിൽ പറഞ്ഞു. ഗ്രൗണ്ടിൽ ഏഷ്യൻ രാജ്യങ്ങൾ മികച്ച പ്രകടനമാണ് പുറത്തെടുക്കുന്നതെന്നും ഗ്ലോബൽ ഖത്തർ ലെഗസി അംബാസഡർ കൂടിയായ കാഹിൽ കൂട്ടിച്ചേർത്തു. ലോകകപ്പിൽ കളിക്കുന്നു എന്നതിലുപരി താഴേത്തട്ടിൽനിന്ന് ഫുട്ബാളിനെ വളർത്തിക്കൊണ്ടുവരുകയെന്നതും വളരെ പ്രധാനപ്പെട്ടതാണ്. സ്വന്തം രാജ്യത്ത് ഗെയിമിനെ വളർത്തിയെടുക്കുകയും ചെയ്യണം. ആ ലക്ഷ്യത്തിലേക്ക് ലോകകപ്പ് വളരെ മികച്ച മുതൽക്കൂട്ടാണ്, എന്നാൽ അതിനുശേഷം നിങ്ങൾ എന്ത് ചെയ്യുന്നുവെന്നതിനെ ആശ്രയിച്ചിരിക്കുമത്. ഏഷ്യയെ സംബന്ധിച്ചിടത്തോളം, എപ്പോഴും നമ്മെക്കുറിച്ച് വലിയ കണക്കുകൾ സൂക്ഷിക്കുന്നുവെന്ന് കരുതുന്നു. മികച്ച പ്രകടനവും നമ്മൾ കാഴ്ചവെക്കുന്നുണ്ട്. ഇപ്പോൾ, അത് ഭൂമിയിലെ ഏറ്റവും സുപ്രധാന ടൂർണമെൻറിൽ മികച്ച പ്രകടനം പുറത്തെടുക്കുകയെന്നതാണ് പ്രധാനം.ഖത്തറിന്റെ തനത് പരമ്പരാഗത ആതിഥേയത്വം പങ്കുവെക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആരാധകരെ സ്വാഗതം ചെയ്യാൻ കാത്തിരിക്കുകയാണെന്നും ആസ്ട്രേലിയക്കായി നാല് ലോകകപ്പുകളിൽ ബൂട്ട് കെട്ടിയ കാഹിൽ പറഞ്ഞു. കംഗാരു ജഴ്സിയിൽ 50 ഗോളുകൾ നേടിയ കാഹിൽ, ഖത്തർ ലോകകപ്പിന്റെ പ്രചാരണത്തിനായുള്ള ആഗോള അംബാസഡർമാരിലെ പ്രധാന വ്യക്തിയാണ്. സ്റ്റേഡിയങ്ങൾ തമ്മിൽ ദൂരം കുറഞ്ഞ ലോകകപ്പാണ് നടക്കാനിരിക്കുന്നത്. 70 മൈൽ ചുറ്റളവിനുള്ളിൽ എട്ട് സ്റ്റേഡിയങ്ങൾ. അത്യാധുനിക സാങ്കേതികവിദ്യകളോടെ ശീതീകരിച്ച വേദികൾ. ഒരു ദിവസം തന്നെ ഒന്നിലധികം മത്സരങ്ങൾ കാണാൻ കഴിയുന്ന ലോകകപ്പ്. ഇത് വലിയ നേട്ടമാണ് -അദ്ദേഹം പറഞ്ഞു.രണ്ടു വർഷമായി ഖത്തറിൽ സ്ഥിരതാമസമാക്കിയ കാഹിൽ, നാട്ടുകാരൻ എന്നാണ് സ്വയം അഭിസംബോധന ചെയ്യാറുള്ളത്. ദോഹ ആസ്ഥാനമായി പ്രവർത്തിക്കുന്ന, ഖത്തർ ദേശീയ ടീമിലെ നിരവധി താരങ്ങൾ വളർന്നുവന്ന ആസ്പയർ അക്കാദമിയുടെ ചീഫ് സ്പോർട്സ് ഓഫിസർ കൂടിയാണ് കാഹിൽ. ലോകകപ്പിൽ ആസ്ട്രേലിയക്കായി ആദ്യം ഗോളടിച്ചതും കൂടുതൽ ഗോൾ നേടിയതും കാഹിൽ തന്നെയാണ്. 2004 മുതൽ 2012 വരെ പ്രീമിയർ ലീഗിൽ എവർട്ടനിനായി പന്ത് തട്ടിയ താരം, 226 മത്സരങ്ങളിൽനിന്നായി 56 ഗോൾ നേടുകയും ചെയ്തു.



## ഫ്രാൻസിന് തിരിച്ചടി; എൻഗോളോ കാന്റെക്ക് ലോകകപ്പ് നഷ്ടമായേക്കും

**പാരിസ്:** പരിക്കേറ്റ ചെൽസി താരം എൻഗോളോ കാന്റെക്ക് ഖത്തർ ലോകകപ്പ് നഷ്ടമായേക്കും. ലോകകപ്പിനിറങ്ങുന്ന ഫ്രഞ്ച് ടീമിന് വമ്പൻ തിരിച്ചടിയാണിത് സമ്മാനിക്കുക. ഫ്രാൻസിന്റെ തുരുപ്പ് ചീട്ടായ മധ്യനിര താരത്തിന്റെ ലോകകപ്പ് സ്വപ്നങ്ങൾക്ക് കരിനിഴൽ വീഴ്ത്തിയത് പിൻതുടഞെരമ്പിനേറ്റ പരിക്കാണ്.പരിക്ക് സാരമുള്ളതാണെന്നും കാന്റെ മൂന്ന് മാസം പുറത്തിരിക്കേണ്ടി വരുമെന്നും കാന്റെയുടെ ക്ലബ്ബായ ചെൽസി അറിയിച്ചു. കാന്റെയും കുറവ് ടീമിനെ വലിയ തരത്തിൽ ബാധിക്കും. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ചെൽസിക്കും കാന്റെയുടെ കുറവ് സാരമായി ബാധിക്കും.




## വരുന്നു, ആവേശം പകർന്ന് 'ഗൾഫ് ഹോക്കി ഫിയസ്റ്റ'

**മസ്കത്ത്:** ഒമാനിലെ ഹോക്കി ആരാധകർക്ക് ആവേശം പകർന്ന് 'ഗൾഫ് ഹോക്കി ഫിയസ്റ്റ'യുടെ ആറാം പതിപ്പ് വരുന്നു. ഒമാനി ഹോക്കി അസോസിയേഷൻറെ സഹകരണേത്താടെ സൗദി, ഇന്ത്യ, ഒമാൻ, യു.എ.ഇ എന്നിവിടങ്ങളിൽ ശാഖകളുള്ള സ്പോർട്സ് ക്ലബായ യു.ടി.എസ്.സിയാണ് മത്സരം നടത്തുന്നത്. ഒക്ടോബർ 28, 29 തീയതികളിൽ ബൗഷറിലെ സുൽത്താൻ ഖാബൂസ് സ്റ്റേഡിയം കോംപ്ലക്സിലായിരിക്കും മത്സരങ്ങൾ. ആറ് അന്തർദേശീയ ടീമും അത്രതന്നെ പ്രാദേശിക ടീമുകളുമാണ് മത്സരത്തിൽ ഏറ്റുമുട്ടുക. ഒക്ടോബർ 28ന് വൈകീട്ട് ആറിന് ടൂർണമെൻറിൻറെ ഔപചാരിക ഉദ്ഘാടനം നടക്കും. 29ന് ഉച്ചകഴിഞ്ഞ് മൂന്നിന് ഇന്ത്യൻ സ്കൂളുകളിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും പ്രദർശന മത്സരവും ഉണ്ടാകും. 2024ൽ ഒമാനിൽ ഫൈവ് എ സൈഡ് ലോകകപ്പ് നടക്കുന്നതിനാൽ 'ഗൾഫ് ഹോക്കി ഫിയസ്റ്റ 22'നെ വളരെ പ്രാധാന്യത്തോടെയാണ് നോക്കിക്കാണുന്നതെന്ന് യു.ടി.എസ്.സി ഭാരവാഹികൾ പറഞ്ഞു.സ്വദേശികൾക്കും വിദേശികൾക്കും ഇടയിൽ ഹോക്കി മത്സരം ജനകീയമാക്കുകയാണ് ടൂർണമെൻറിലൂടെ സംഘാടകർ ലക്ഷ്യം വെക്കുന്നത്. ഒമാൻ ദേശീയ വനിത ടീം സന്ദർശക ടീമുകളുമായി സൗഹൃദ മത്സരങ്ങൾ കളിക്കും. ഹോക്കി ഫിയസ്റ്റയുടെ ഈ വർഷത്തെ പ്രത്യേകതകളൊന്നാണിത്. ഇത്തരം ഒരു ടൂർണമെൻറ് സംഘടിപ്പിക്കുന്നതിൽ തങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് ഒമാൻ ഹോക്കി അസോസിയേഷൻ (ഒ.എച്ച്എ) ചെയർമാൻ ഡോ. മർവാൻ ജുമാ അൽ ജുമ പറഞ്ഞു. ഒമാനി കായിക പ്രേമികളായ ആളുകൾക്ക് തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള മികച്ച വേദിയായിരിക്കും ഇതെന്നും അദ്ദേഹം പറഞ്ഞു. പരിപാടിയിലേക്ക് കുട്ടികളെയും കുടുംബങ്ങളെയും മറ്റും ആകർഷിക്കുന്നതിനായി പാചകമത്സരവും നടത്തും. സിനിമകളിലൂടെയും റിയാലിറ്റി ഷോകളിലൂടെയും ശ്രദ്ധേയരായ സാധികയും വൈഗയുമായിരിക്കും പാചകമത്സരത്തിൻറെ അവതാരകർ. ക്രിക്കറ്റ്, ഹോക്കി, ഫുട്ബാൾ, ബാസ്കറ്റ്ബാൾ തുടങ്ങിയ കായിക ഇനങ്ങളിലേക്ക് നിരവധി താരങ്ങളെ യു.ടി.എസ്.സി സംഭാവന നൽകിയിട്ടുണ്ട്. ഇവരിൽ പലരുമിന്ന് പ്രാദേശിക, അന്തർദേശീയ മത്സരങ്ങളിൽ കളിക്കുന്നവരാണെന്നും യു.ടി.എസ്.സി ഭാരവാഹികൾ അറിയിച്ചു.




## ട്വന്റി20 ലോകകപ്പ്: ആദ്യ റൗണ്ടിന് തുടക്കം

**വിക്ടോറിയ (ആസ്ട്രേലിയ):** ട്വന്റി20 ലോകകപ്പ് ക്രിക്കറ്റിന്റെ ആദ്യ റൗണ്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. വിക്ടോറിയയിലെ സൗത്ത് ഗീലോങ്ങിലെ കർഡീനിയ പാർക്ക് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാവിലെ 9.30ന് ശ്രീലങ്കയും നമീബിയയും ഏറ്റുമുട്ടും.1.30ന് യു.എ.ഇ നെതർലൻഡ്സിനെ നേരിടും. വെസ്റ്റിൻഡീസും സിംബാബ്‌വെയും ഉൾപ്പെടെ എട്ടു ടീമുകൾ രണ്ടു ഗ്രൂപ്പുകളിലായി ആദ്യ റൗണ്ടിൽ മത്സരിക്കും. നാലു ടീമുകൾ അടുത്ത ഘട്ടമായ സൂപ്പർ 12ൽ മത്സരിക്കും. സൂപ്പർ 12 മത്സരങ്ങൾ ഈ മാസം 22ന് തുടങ്ങും.നിലവിലെ ജേതാക്കളായ ആസ്ട്രേലിയ, ഇന്ത്യ, പാകിസ്താൻ, ബംഗ്ലാദേശ്, ദക്ഷിണാഫ്രിക്ക, ഇംഗ്ലണ്ട്, അഫ്ഗാനിസ്താൻ, ന്യൂസിലൻഡ് എന്നീ ടീമുകൾ നേരത്തേ സൂപ്പർ 12ൽ സ്ഥാനമുറപ്പിച്ചിരുന്നു. ഈ മാസം 23ന് പാകിസ്താനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം. ചാമ്പ്യൻഷിപ്പിന്റെ മുന്നോടിയായി 16 ടീമുകളിലെയും ക്യാപ്റ്റന്മാർ മെൽബണിൽ ഒത്തുചേർന്നു. പാകിസ്താൻ ക്യാപ്റ്റൻ ബാബർ അഅ്സമിന്റെ ജന്മദിനവും ക്യാപ്റ്റൻമാർ ഒരുമിച്ച് ആഘോഷിച്ചു.




## കോഹ്ലി - രോഹിത് ആരാധകർ തമ്മിൽ തർക്കം; തമിഴ്നാട്ടിൽ യുവാവ് സുഹൃത്തിനെ അടിച്ചുകൊന്നു

**ചെന്നൈ:** ക്രിക്കറ്റ് താരങ്ങളായ വിരാട് കോഹ്ലിയുടെയും രോഹിത് ശർമയുടെയും ആരാധകർ തമ്മിലുണ്ടായ തർക്കത്തിനിടെ യുവാവ് സുഹൃത്തിനെ അടിച്ചുകൊന്നു. തമിഴ്നാട്ടിലെ അരിയാലൂർ ജില്ലയിൽ പൊയ്യൂരിലാണ് സംഭവം. സംഭവത്തിൽ 21കാരനെ പൊലീസ് അറസ്റ്റ് ചെയ്തു.കഴിഞ്ഞ ദിവസം രാത്രി പൊയ്യൂരിനടുത്തുള്ള മല്ലൂരിലെ സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു പരിസരത്ത് ദാരുണ സംഭവം നടന്നത്. മദ്യലഹരിയിലാണ് തർക്കവും കൊലപാതകവും നടന്നതെന്നാണ് പൊലീസ് പറയുന്നത്. 24കാരനായ വിഘ്നേഷ് ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ സുഹൃത്തായ എസ്. ധർമരാജ് ആണ് അറസ്റ്റിലായത്. സുഹൃത്തുക്കളായ ഇരുവരും കടുത്ത ക്രിക്കറ്റ് ആരാധകരാണ്.കോഹ്ലി ആരാധകനായ ധർമരാജ് ഐ.പി.എൽ ടീമായ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരി(ആർ.സി.ബി)നെയാണ് പിന്തുണയ്ക്കുന്നത്. രോഹിത് ശർമയുടെയും മുംബൈ ഇന്ത്യൻസിന്റെയും ആരാധകനാണ് വിഘ്നേഷ്. മദ്യലഹരിയിലായിരുന്ന ഇരുവരും ക്രിക്കറ്റ് വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനിടെയാണ് അനിഷ്ട സംഭവങ്ങളുണ്ടായത്. വിഘ്നേഷ് കോഹ്ലിയെയും ആർ.സി.ബിയെയും പരിഹസിച്ചതാണ് തർക്കങ്ങൾക്ക് കാരണം.സംസാരവൈകല്യമുള്ള ധർമരാജിനെ വ്യക്തിപരമായി വിഘ്നേഷ് ആക്ഷേപിക്കുകയായിരുന്നുവെന്നാണ് പൊലീസ് പറയുന്നത്. ധർമരാജിന്റെ വിക്കുമായി ആർ.സി.ബിയെ താരതമ്യപ്പെടുത്തി. ഇത് ധർമരാജിനെ ചൊടിപ്പിക്കുകയും തൊട്ടടുത്തുണ്ടായിരുന്ന മദ്യക്കുപ്പി കൊണ്ട് വിഘ്നേഷിന്റെ തലയ്ക്കടിക്കുകയും ചെയ്തു. പിന്നീട് ക്രിക്കറ്റ് ബാറ്റ് കൊണ്ട് ക്രൂരമായി മർദിക്കുകയായിരുന്നു. ഇതിലാണ് മരണം സംഭവിച്ചതെന്നാണ് സംശയിക്കുന്നതെന്ന് പൊലീസ് പറയുന്നു.ഇന്നലെ രാവിലെ സിഡ്കോ ഫാക്ടറിയിലേക്കു പോകുന്ന വഴിക്ക് തൊഴിലാളികളാണ് വിഘ്നേഷിന്റെ മൃതദേഹം കണ്ടെത്തിയത്. ഇവർ പൊലീസിൽ വിവരമറിയിക്കുകയായിരുന്നു. സംഭവത്തിൽ കേസെടുത്ത പൊലീസ് ധർമരാജിനെ അറസ്റ്റ് ചെയ്തു. കോടതിയിൽ ഹാജരാക്കിയ യുവാവിനെ ജുഡിഷ്യൽ കസ്റ്റഡിയിൽ വിട്ടു.

## വാതുവെപ്പും ഒത്തുകളിയും തടയാൻ ടാസ്ക് ഫോഴ്സ്

**ദോഹ:** ലോകകപ്പിൽ വാതുവെപ്പും ഒത്തുകളിയും തടയാനുള്ള കർമപദ്ധതിക്ക് രൂപം നൽകി ഫിഫ. അമേരിക്കൻ കുറ്റാന്വേഷണ ഏജൻസിയായ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ പിന്തുണയോടെ ഇൻറഗ്രിറ്റി ടാസ്ക് ഫോഴ്സിന് രൂപം നൽകിയാണ് ഫിഫ ലോകകപ്പ് മത്സരങ്ങൾക്കു പിന്നിലെ കളികളെ തടയാൻ തയാറെടുക്കുന്നത്. സൂറിചിലെ ഫിഫ ആസ്ഥാനത്ത് ടാസ്ക് ഫോഴ്സിന്റെ ആദ്യ യോഗം ചേർന്നു.

EDITORS CHOICE




# മദ്യപർക്ക് സ്വർഗ്ഗമായിരിക്കില്ല ഇനി ഗോവ; വരുന്നത് വലിയ മാറ്റം.!

ഏറ്റവും ഒടുവിൽ വില വർധിപ്പിച്ചത് ബിയറിനാണ്. 10 മുതൽ 12 രൂപ വരെയാണ് എക്സൈസ് നികുതി വർധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. അതായത് എൻട്രി ലെവലിൽ ഉള്ള ബിയറിന് 30 രൂപയായിരുന്നത് ഇനി 42 രൂപ ആയി. മറ്റുള്ള വില വിഭാഗത്തിലും അനുപാതിക മാറ്റമുണ്ട്.

പനാജി: രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് ഗോവ. തീരവും മദ്യവും സംഗീതവുമെല്ലാം ചേരുന്ന ഉന്മാദ അന്തരീഷമാണ് ഗോവയിലേക്ക് പുറപ്പെടുന്നവരിൽ ഒരു വലിയ വിഭാഗം മനസിൽ കരുതുക. മദ്യത്തിന് തീരെ വിലക്കുറവെന്നാണ് പൊതുവെയുണ്ടായിരുന്ന ധാരണ. എന്നാൽ ആ ധാരണ മാറേണ്ട സമയം ആയിരിക്കുന്നു. ഗോവയിൽ മദ്യം അത്ര ചീപ്പല്ല.

ബിയർ വിലയ്ക്ക് വീര്യമേറും

ഏറ്റവും ഒടുവിൽ വില വർധിപ്പിച്ചത് ബിയറിനാണ്. 10 മുതൽ 12 രൂപ വരെയാണ് എക്സൈസ് നികുതി വർധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. അതായത് എൻട്രി ലെവലിൽ ഉള്ള ബിയറിന് 30 രൂപയായിരുന്നത് ഇനി 42 രൂപ ആയി. മറ്റുള്ള വില വിഭാഗത്തിലും അനുപാതിക മാറ്റമുണ്ട്. 5 ശതമാനത്തിൽ കൂടുതൽ ആൽക്കഹോൾ സാനിധ്യമുള്ള ബിയറിന് നേരത്തെ 50 രൂപ നികുതി ഉണ്ടായിരുന്നത് 60 രൂപയാക്കി ഉയത്തിയിട്ടുമുണ്ട്. മദ്യവിപണിയിൽ വിൽപന ഇടിഞ്ഞെന്ന കണക്കുകൾ പുറത്ത് വരുന്നതിനിടെയാണ് ഈ വിലക്കയറ്റം.

മഹാരാഷ്ട്രയുടെ ഭീഷണി

ഗോവയിൽ നിന്നുള്ള മടക്കയാത്രയിൽ വിലക്കുറവിൽ കിട്ടുന്ന മദ്യം കുറച്ച് സ്റ്റോക്ക് ചെയ്യുന്നവരുണ്ട്. എന്നാൽ ഇനി അങ്ങനെ മദ്യം വാങ്ങി സംസ്ഥാനത്തേക്ക് വരേണ്ടതില്ലെന്നാണ് മഹാരാഷ്ട്രാ സർക്കാർ പറയുന്നത്. അനുവദനീയമായ അളവിൽ മദ്യവുമായി എത്തിയാൽ കടുത്ത വകുപ്പുകളുള്ള മക്കോക്ക ചുമത്തും. സംഘടിത കുറ്റങ്ങൾക്കെതിരായ ഈ കടുത്ത നിയമം മദ്യപർക്കും ടൂറിസ്റ്റുകൾക്കും നേരെ പ്രയോഗിക്കാനൊരുങ്ങുന്നു. ചെക് പോസ്റ്റുകൾക്കും ഗോവയുമായി അതിർത്തി പിന്നിടുന്ന ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഗോവൻ മദ്യത്തിൻറെ ഒഴുക്ക് സംസ്ഥാനത്തെ മദ്യ വിപണിയെ ബാധിക്കുന്നതായാണ് മുഖ്യമന്ത്രി ഏക്നാഥ് ശിൻഡെ പറയുന്നത്.മദ്യം കൈവശം വയ്ക്കാൻ ഗോവൻ എക്സൈസ് വകുപ്പ് മദ്യശാലകൾ വഴി നൽകുന്ന പെർമിറ്റ് എടുത്താലും രക്ഷയുണ്ടാവില്ലെന്ന് തന്നെ ശിൻഡെ പറയുന്നു. ഓരോ സംസ്ഥാനത്തിനും ഒരോ നിയമമുണ്ട്!

വിലകൂട്ടിയാൽ തിരിച്ചടി

അയൽ സംസ്ഥാനങ്ങളായ കർണാടകയും മഹാരാഷ്ട്രയുമായി താരതമ്യം ചെയ്താൽ ഗോവയിൽ മദ്യത്തിന് വിലകുറവാണ് . പക്ഷെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ കാര്യങ്ങൾ അങ്ങനെയല്ല. ഗോവയെക്കാൾ കുറഞ്ഞ വിലയ്ക്ക് മദ്യം ലഭിക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുണ്ട്. മദ്യവും ടൂറിസത്തിൻറെ ആകർഷങ്ങളിലൊന്നായി കരുതുന്ന ഗോവയ്ക്ക് വിലയിങ്ങനെ കൂട്ടിയാൽ അത് തിരിച്ചടിയാവും. മദ്യവുമായി വരുന്നവർക്ക് മക്കോക്ക ചുമത്തുമെന്ന മഹാരാഷ്ട്രാ സർക്കാരിൻറെ ഭീഷണിയും ഗോവയിൽ മദ്യ വിപണിയെ ബാധിച്ചേക്കാം. പക്ഷെ വിൽപന കുറയുന്നതിനിടെ വില കൂട്ടിയാൽ എങ്ങനെ ശരിയാവുമെന്ന് ഗോവാ ലിക്കർ ട്രേഡേർസ് അസോസിയേഷൻ പ്രസിഡൻറ് ദത്താപ്രസാദ് നായിക് ചോദിക്കുന്നു. സമീപകാലത്ത് 30 ശതമാനം മുതൽ 40 ശതമാനം വരെ ഇടിവാണ് മദ്യവിൽപനയിൽ ഉണ്ടായതെന്നാണ് അസോസിയേഷൻ കണക്ക്. വില ഇങ്ങനെ കൂട്ടിയാൽ ഗോവൻ ടൂറിസത്തിൽ മദ്യം ഒരു ആകർഷണമല്ലാതാവും.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com